**ഡഥ ഘചരഞ്ഞു, ഡഥ ഏ്വചരു**

***Bulletin Irinjalakuda Diocese***

*P.B. No. 59, Irinjalakuda-680121*

*Phone : 2826830, 2826820*

*Website : www.irinjalakudadiocese.com*

*Book : 32 Volume : 5*

***May 2011***

## ഉള്ളടക്കം

1. ഇടയശബ്ദം ..... 02
2. കച്ചേരിക്കാര്യങ്ങൾ ..... 04
3. Message of Pope Benedict XVI ..... 05
4. വിജ്ഞാപനം - ലോക ദൈവവിളി ദിനം ..... 08
5 വിജ്ഞാപനം ..... 11
6 വിജ്ഞാപനം - വാ. മറിയം ത്രേസ്യ ..... 14
7. സഭാവാർത്തകൾ ..... 16
8 മെയ്ദിന സന്ദേശം ..... 18
9 ബ്ലെസ് എ ഹോം ..... 25
10 മതബോധനം ..... 27
11 സോഷ്യൽ ആക്ഷൻ ..... 31
12 സെന്റ് പോൾസ് മൈനർ സെമിനാരി ..... 32
13 **സംഘടനാവാർത്തകൾ**
   - അവാർഡ് ..... 33
   - സാൻജോ സദൻ ..... 34
   - കെ.സി.വൈ.എം. ..... 35
   - വൊക്കേഷൻ ബ്യൂറോ ..... 35
   - സ്വിരിച്ചാലിറ്റി സെന്റർ ..... 36
   - നവചൈതന്യ ..... 37
   - അൾത്താര ബാലസംഘം ..... 38
   - ഫാമിലി അപ്പസ്തോലേറ്റ് ..... 38
   - ബി.എൽ.എം. ധ്യാനകേന്ദ്രം ..... 39
   - പാക്സ് ..... 39
14 ഇടയന്റെ നാളെകൾ ..... 40
15 ഇടയന്റെ ഇന്നലെകൾ ..... 42
16 പാസ്റ്ററൽ കൗൺസിൽ ..... 44

# ഇടയശബ്ദം

പ്രിയ സഹോദര വൈദികരേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരെ

ഉത്ഥിതനായ ഈശോയുടെ സമാധാനവും സന്തോഷവും നമ്മുടെ ജീവിതത്തിലുടനീളം സമൃദ്ധമായുണ്ടാകട്ടെയെന്ന് ഈ ഈസ്റ്റർ വേളയിൽ ആശംസിക്കുന്നു. മെത്രാൻ ശുശ്രൂഷ ഏറ്റെടുത്തിട്ട് എന്റെ ആദ്യത്തെ ആദ്‌ലിമിന സന്ദർശനമായിരുന്നു ജെയിംസ് പിതാവിനോടൊപ്പം മാർച്ച് 26 മുതൽ ഏപ്രിൽ 8 വരെ നടത്തിയത്. പ്രസ്തുത സന്ദർശനം അനുഗ്രഹപ്രദമാകുവാൻ പ്രാർത്ഥിച്ച നിങ്ങൾക്കേവർക്കും ഏറ്റവും സ്നേഹത്തോടെ നന്ദി പറയുന്നു. 26-ന് വൈകീട്ട് റോമിലെത്തിയ ഞങ്ങളെ ഫാ. ഫ്രീജോ പാറയ്ക്കൽ, ഫാ. കിരൺ തട്ട്ല, ഫാ. മനോജ് മേയ്ക്കേടത്ത്, ഫാ. നെവിൻ ആട്ടോക്കാരൻ, ഫാ. ലിന്റോ കുറ്റിക്കാടൻ എന്നിവരും നമ്മുടെ രൂപതയിൽനിന്നുള്ള ചില അല്മായ സഹോദരങ്ങളും കൂടെ സ്വീകരിച്ചു. 27-ാം തിയ്യതി ഞായറാഴ്ച വത്തിക്കാൻ ബസ്ലിക്ക സന്ദർശിച്ച് വി. പത്രോസിന്റെ കബറിടത്തിൽ ഞങ്ങൾ പ്രത്യേക പ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും, വൈദികർ, സന്യസ്തർ, അല്മായർ, നാനാജാതി മതസ്ഥർ എന്നിവർക്ക് വേണ്ടിയും പ്രാർത്ഥിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ വിശുദ്ധ പൗലോസിന്റെ ബസ്ലിക്ക, വി. യോഹന്നാന്റെ ബസ്ലിക്ക, മേരി മേജർ ബസ്ലിക്ക എന്നിവയും സന്ദർശിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി. ആദ് ലിമിന സന്ദർശനത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ് പരി. പിതാവിനെ സന്ദർശിച്ച് രൂപതയെക്കുറിച്ചുള്ള ഔദ്യോഗിക റിപ്പോർട്ട് നൽകുകയെന്നത്. ഏപ്രിൽ 4നാണ് ജെയിംസ് പിതാവും ഞാനും മാർപാപ്പയെ സന്ദർശിച്ചത്. രൂപതയുടെ ചരിത്രപരമായ പശ്ചാത്തലം രൂപത ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന അജപാലന പ്രവർത്തനങ്ങൾ മിഷൻ രംഗമായ ചെന്നൈ മിഷനെക്കുറിച്ചുള്ള വിവരങ്ങളും, രൂപതയുടെ പുതിയ പദ്ധതികളും സംക്ഷിപ്തമായി വിവരിച്ചു. രൂപതയുടെ ചരിത്രപശ്ചാത്തലത്തെക്കുറിച്ചും പ്രവർത്തനപദ്ധതികളെക്കുറിച്ചും ചെന്നൈമിഷനെക്കുറിച്ചുമുള്ള സംതൃപ്തി മാർപാപ്പ പ്രകടമാക്കി. രൂപതയിലെ വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും പ്രത്യേക ആശീർവ്വാദം നൽകുകയും ചെയ്തു. രൂപതയുടെ സമ്മാനമായി നമ്മുടെ വെബ്സൈറ്റിന്റെ കവർപേജ് മുദ്രണം ചെയ്തിട്ടുള്ള ഫലകവും രൂപതയുടെ ചരിത്ര ഗ്രന്ഥവും മാർപാപ്പയ്ക്കു നൽകി. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ജെയിംസ് പിതാവിന് പ്രത്യേക അനുമോദനവും പാപ്പ നൽകുകയുണ്ടായി. സീറോമലബാർ സഭയുടെ റോമിലെ ഔദ്യോഗിക പ്രതിനിധിയായി ഉത്തരവാദിത്വം ഏറ്റെടുത്ത സ്റ്റീഫൻ ചിർപ്പണത്തച്ചനെ

മാർപാപ്പയ്ക്ക് തദവസരത്തിൽ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. നമ്മുടെ സഭയുടെ പൊതുവായ ആവശ്യങ്ങളും ഇത്തരുണത്തിൽ മാർപാപ്പയെ അറിയിച്ചു. ആദ്‌ലിമിന സന്ദർശനം നടത്തുന്ന നമ്മുടെ സഭയിലെ മറ്റു മെത്രാന്മാരോടൊപ്പം സഭയുടെ പൊതുവായ ആവശ്യങ്ങൾ ധരിപ്പിക്കുവാൻ പൗരസ്ത്യ തിരുസ്സംഘം, സുവിശേഷവൽക്കരണത്തിനായുള്ള തിരുസ്സംഘം, വത്തിക്കാന്റെ സെക്രട്ടേറിയേറ്റ് തുടങ്ങി വിവിധ കാര്യാലയങ്ങളിൽ സന്ദർശനം നടത്തി. ഏപ്രിൽ 2-ന് വത്തിക്കാനിൽ ഒരുമിച്ചു കൂടിയ സീറോ മലബാർ സഭാ അംഗങ്ങൾ മേജർ ആർച്ച്ബിഷപ്പ് വർക്കി പിതാവിന്റെ വേർപാടിലുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

ഏപ്രിൽ 3 ഞായറാഴ്ച മാർതോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങൾ ഇപ്പോൾ പൂജ്യമായി വണങ്ങുന്ന ഇറ്റലിയിലെ ഓർത്തോണയിലുള്ള ബസ്ലിക്കയിൽ ആദ്‌ലിമിന സന്ദർശനം നടത്തുന്ന മെത്രാന്മാരെല്ലാവരും ഒരുമിച്ച് ബലിയർപ്പിച്ച് സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ആദ്‌ലിമിന സന്ദർശനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ഏപ്രിൽ 7ന് വത്തിക്കാൻ കാര്യാലയത്തിൽ ഒന്നിച്ചുകൂടി മാർപാപ്പയുടെ പ്രത്യേക സന്ദേശവും ആശീർവ്വാദവും സ്വീകരിച്ചു. പ്രസ്തുത സന്ദേശത്തിൽ മാർപാപ്പ അജപാലനനിർവ്വഹണത്തിൽ മെത്രാന്മാരുടെ ഉത്തരവാദിത്വം, ഐക്യം നിലനിർത്തുവാൻ ഇന്ത്യയുടെ പ്രത്യേക സൗഹചര്യത്തിൽ സഭയുടെ ചുതല, കുടുംബപ്രേഷിതത്വത്തിന് ആധുനികകാലഘട്ടത്തിൽ നൽകേണ്ട പ്രാധാന്യം, സമർപ്പിതരുടെ വിളിയും ദൗത്യവും തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഊന്നിപ്പറഞ്ഞു. നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മ വർഷം പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ പാപ്പായുടെ സന്ദേശത്തിലെ ഒരു വാചകം വിചിന്തനത്തിനായി നൽകട്ടെ.
“Have your families look to the Lord and his saving Word for a complete and truly positive vision of life and marital relations, so necessary, for the good of the whole family. Let your preaching and catechesis in this field be patient and constant”

ഈശോയുടെ തിരുവചനങ്ങൾക്കനുസൃതമായ ദർശനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുടുംബബന്ധങ്ങൾ ആഴപ്പെടുത്തുവാനും ജീവനെ ആദരിക്കുവാനും ഈ കുടുംബക്കൂട്ടായ്മ വർഷത്തിൽ നമുക്കു പരിശ്രമിക്കാം. ഏപ്രിൽ 8-ന് ആദ്‌ലിമിന സന്ദർശനം പൂർത്തിയാക്കി ഞങ്ങൾ തിരിച്ചു പോന്നു. നമ്മുടെ രൂപതയിൽനിന്നുള്ള റോമിലെ വൈദികരുടെയും സമർപ്പിതരുടെയും അല്മായ സഹോദരങ്ങളുടെയും പ്രത്യേക വാത്സല്യവും സ്നേഹ വും അറിയിക്കുന്നു. റോമിലെ സന്ദർശനം അനുഗ്രഹപ്രദമാക്കാൻ ഞങ്ങളെ അവർ നന്നായി സഹായിച്ചു പ്രത്യേകം നന്ദി. ദൈവം നമ്മെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
25. 04. 2011 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

1. **തൊഴിലാളി ദിനം - മെയ് 1 :** ഇടവകകളിൽ തൊഴിലാളിദിനത്തിന്റെ ഭാഗമായി മെയ് 8 ഞായറാഴ്ച സ്തോത്രകാഴ്ച നടത്തി, മെയ് 30ന് മുൻപ് സംഖ്യ രൂപതാ ഫൈനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.
2. **മാസധ്യാനം :** മെയ് മാസത്തേത് അതാത് ഫൊറോനകളിൽ വച്ചായിരിക്കും.
3. **വൈദിക വസ്ത്രസ്വീകരണം - മെയ് 7 :** തത്വശാസ്ത്രപഠനവും ഒരു വർഷത്തെ റീജൻസിയും പൂർത്തിയാക്കിയതിനുശേഷം നമ്മുടെ ഏഴ് ബ്രദേഴ്സ് സമർപ്പണത്തിന്റെ പ്രതീകമായ വൈദികവസ്ത്രം മെയ് 7 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് സെന്റ് പോൾസ് മൈനർ സെമിനാരി ചാപ്പലിൽവച്ച് സ്വീകരിക്കുന്നതാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

   **ബ്രദേഴ്സ് :** ആന്റോ വട്ടോലി (വെള്ളിക്കുളങ്ങര), സിന്റോ മാഡോന (ആനത്തടം), വിൽസൺ മൂക്കണാംപറമ്പിൽ (കനകമല), ജോസഫ് സാവിയോ പയ്യപ്പിള്ളി (മാള), സുബീഷ് വട്ടപ്പറമ്പിൽ (കൊന്നക്കുഴി), കോളിൻ ആട്ടോക്കാരൻ & നവീൻ ഊക്കൻ (അമ്പഴക്കാട് ഫൊറോന)

4 **തെരട്ട് ഫീസ് :** 2009-10 ലെ തെരട്ട്ഫീസ് അടച്ചു തീർക്കാത്ത ചുരുക്കം ചില പള്ളികളുണ്ട്. ഈ വർഷത്തെ തെരട്ട് കൊണ്ടുവരുന്നതിനു മുൻപ് കണക്കുകൾ തീർക്കുമല്ലോ.

5 **വാർഷികധ്യാനം :** ബഹു. അച്ചന്മാരുടെ വാർഷികധ്യാനം മൂന്ന് ബാച്ചുകളിലായി കല്ലേറ്റുംകര PACS ൽവച്ച് നടത്തപ്പെടുന്നു. ആദ്യ ബാച്ച് ധ്യാനം ജൂൺ 13 മുതൽ 17 വരെയും, രണ്ടാം ബാച്ച് ജൂൺ 20 മുതൽ 24 വരെയും, മൂന്നാം ബാച്ച് ജൂലൈ 4 മുതൽ 8 വരെയും തിയ്യതികളിലായിരിക്കും. ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ച് ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ (പേജ് 22-25ൽ) നൽകിയിട്ടുണ്ട്. തക്ക കാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം നേരത്തെ തന്നെ രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.
ധ്യാനഗുരു: പെ. ബഹു. ഡോ. ഡേവിഡ് പേരാമംഗലത്ത് OFM Cap.

6 **ബൈബിൾ ഞായർ :** ഈ വർഷത്തെ ബൈബിൾ ഞായർ 2011 ജൂൺ മാസം 19-ാം തിയ്യതിയാണ് ആചരിക്കുന്നത്.

7 മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് ഒരുക്കമായുള്ള പ്രാർത്ഥന മെയ് 1-ാം തിയ്യതി മുതൽ നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനയ്ക്കുശേഷം ചൊല്ലേണ്ടതാണ്.

ഇരിങ്ങാലക്കുട **മോൺ. വിൻസന്റ് ആലപ്പാട്ട്**
23. 04. 2011 വികാരി ജനറാൾ

# Message of Pope Benedict XVI to the Bishops of the Syro-Malabar Church

*Dear Brother Bishops,*

I offer you a warm fraternal welcome on the occasion of your visit *ad Limina Apostolorum,* a moment which is now sadly marked by the death of Cardinal Varkey Vithayathil. Before you all, I wish again to give thanks to God for his able and willing service over many years to the whole of the Church in India. May our loving Saviour welcome his noble soul into paradise, and may he rest in peace in communion with all the saints.

Thank you for the sentiments of respect and esteem offered by Mar Bosco Puthur on your behalf and in the name of those whom you shepherd. Your presence is an eloquent expression of the deep spiritual bonds which unite the Syro-Malabar Church to the Church universal, in fidelity to Christ's prayer for all his disciples (cf. *Jn* 17:21). You bring to the tombs of the Apostles Peter and Paul the joys and hopes of the entire Syro-Malabar Church, which my predecessor the Venerable John Paul II happily raised to the status of a Major-Archiepiscopal Church in 1992. My greetings go to the priests, the women and men religious, the members of the lay movements, the families and in particular the young people who are the hope of the Church.

The Second Vatican Council taught that "Bishops have been designated by the Holy Spirit to take the place of the Apostles as pastors of souls and, together with the Supreme Pontiff and subject to his authority, they are commissioned to perpetuate the work of Christ, the eternal Pastor" *[Christus Dominus,* 1). Today's encounter thus forms an essential part of your pilgrimage *ad Limina Apostolorum;* it is also an occasion to intensify the awareness of the divine gift and responsibility received in the ordination by which you became members of the College of Bishops. I join you in seeking the intercession of the Apostles for your ministry. They, who were the first to receive the charge of caring for Christ's flock, continue to guide and watch over the Church from their place in heaven and remain a model and inspiration to all Bishops by their holiness of life, teaching and example.

Your visit also provides a precious opportunity to give thanks to

God for the gift of communion in the apostolic faith and in the life of the Spirit which unites you among yourselves and with your people. With divine inspiration and grace on the one hand, and with humble prayers and efforts on the other, this precious gift of fellowship with the Triune God and with one another will grow ever richer and deeper. Each Bishop, for his part, is called to be a minister of unity (cf. *ibid.,* 6) in his particular church and within the universal Church. This responsibility is of special importance in a country like India where the unity of the Church is reflected in the rich diversity of her rites and traditions. I encourage you to do all you can to continue to foster the communion between yourselves and all Catholic Bishops throughout the world, and to be the living expression of that fellowship among your priests and faithful. Let the gentle command of Saint Paul continue to guide your hearts and your apostolic endeavours: "Let love be genuine, hate what is evil, hold fast to what is good, love one another with brotherly affection, outdo one another in showing honour. Live in harmony with one another" *[Rom* 12:9-10,16). Thus will the unity of the Triune God be proclaimed and lived in the world, and thus will our new life in Christ be experienced always more profoundly, to the benefit of the entire Catholic Church.

Within this mystery of loving communion, a privileged expression of sharing in the divine life is through sacramental marriage and family life. The rapid and dramatic changes which are a part of contemporary society throughout the world bring with them not only serious challenges, but new possibilities to proclaim the liberating truth of the Gospel message to transform and elevate all human relationships. Your support, dear Brother Bishops, and that of your priests and communities for the sound and integral education of young people in the ways of chastity and responsibility will not only enable them to embrace the true nature of marriage, but will also benefit Indian culture as a whole. Unfortunately, the Church can no longer count on the support of society at large to promote the Christian understanding of marriage as a permanent and indissoluble union ordered to procreation and the sanctification of the spouses. Have your families look to the Lord and his saving word for a complete and truly .positive vision of life and marital relations, so necessary for the good of the whole human family. Let your preaching and catechesis in this field be patient and constant.

At the heart of many of the works of education and charity exercised in your Eparchies are the various communities of men and women religious who devote themselves to the service of God and their neighbour. I wish to express the Church's appreciation for the charity, faith and hard work of these religious, who by professing and living the evangelical counsels of poverty, chastity and obedience offer an example of complete devotion to the divine Master and thus help considerably to equip your faithful for every good work (cf. 2 *Tim* 3:17). The vocation to religious life and the pursuit of perfect charity is attractive in every age, but it should be nourished by a constant spiritual renewal which is to be fostered by superiors who devote great care to the human, intellectual and spiritual formation of their fellow religious (cf. *Perfectae Caritatis,* 11). The Church insists that preparation for religious profession is to be marked by long and careful discernment with the goal of ensuring, before final vows are made, that each candidate is firmly rooted in Christ, solid in his or her capacity for genuine commitment and joyful in the gift of self to Jesus Christ and his Church. Furthermore, by its nature, formation is never completed, but is ongoing and must be an integral part of the daily life of each individual and community. Much needs to be done in this area, utilizing the many resources available in your Church, above all through deeper training in the practice of prayer, the particular spiritual and liturgical traditions of the Syro-Malabar rite, and the intellectual demands of a solid pastoral practice. I encourage you, in close collaboration with religious superiors, to plan effectively for such a solid ongoing formation, so that religious men and women continue to be powerful witnesses to the presence of God in the world and to our eternal destiny, so that the complete gift of self to God through religious life may shine with all its beauty and purity before men.

With these thoughts, dear Brother Bishops, I once again express my fraternal affection and esteem. Commending you to the intercession of Saint Thomas, Apostle of India, I assure you of my prayers for you and for those entrusted to your pastoral care. To all I impart my Apostolic Blessing as a pledge of grace and peace in the Lord.

**Benedictus P.P. XVI**
From the Vatican, 7 April 2011

405/11
26.04.11

## വിജ്ഞാപനം

### ലോക ദൈവവിളി ദിനം - മെയ് 15

*യേശുവിൽ പ്രിയ സഹോദരേ, വാത്സല്യമുള്ള മക്കളേ,*

ഇക്കൊല്ലം അഖിലലോക ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് മെയ് 15 ഞായറാഴ്ചയാണ്. ഈ കുടുംബകൂട്ടായ്മ വർഷത്തിൽ നമ്മുടെ ഇടവകകളിൽ വിവിധ പരിപാടികളിലൂടെ ദൈവവിളി പ്രാർത്ഥനാദിനം സമുചിതമായി ആചരിക്കാൻ ഞാൻ ഏവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ അനന്തമായ കാരുണ്യത്താൽ അവിടുന്ന് നമ്മെ അസ്തിത്വത്തിലേക്ക് വിളിച്ചു. മനുഷ്യോചിതവും ക്രൈസ്തവോചിതവുമായ ജീവിത സാഹചര്യങ്ങളിലൂടെ അവിടുന്ന് നമ്മെ പരിപാലിച്ച് സംരക്ഷിച്ചു. ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിക്കാനും നല്ലവരായ മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനും നമുക്ക് സാധിച്ചു. കുടുംബജീവിതത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും പൗരോഹിത്യ ജീവിതത്തിലേക്കും ദൈവമാണ് നമ്മെ ഓരോരുത്തരെയും വിളിക്കുന്നത്. ഓരോ ജീവിതാന്തസ്സിലേക്കും പ്രവേശിച്ചിട്ടുള്ളവർ തങ്ങളുടെ ധർമ്മങ്ങൾ വിശ്വസ്തതയോടെ, ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കണം. കർത്തവ്യാനുഷ്ഠാനത്തിലൂടെ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ തിരുവിഷ്ടം നാം നിറവേറ്റുമ്പോൾ നാം വിശുദ്ധിയിൽ ജീവിക്കുന്നു എന്ന് പറയാനാകും. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അപ്പസ്തോലിക ആഹ്വാനമായ 'കർത്താവിന്റെ വചനം' (Verbum Domini, 30 September 2010) ഇപ്രകാരം പ്രസ്താവിക്കുന്നു കർത്താവായ യേശുവിനോടുള്ള 'വ്യക്തിപരമായ ബന്ധത്തിൽ നാം വളരുന്നതിനനുസരിച്ച് അവിടുന്ന് നമ്മെ വിശുദ്ധിയിലേയ്ക്ക് വിളിക്കുന്നുവെന്നും നാം കൂടുതൽ കൂടുതൽ മനസ്സിലാക്കും. നമ്മുടെ ജീവിതത്തിൽ അവിടത്തെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള തിരഞ്ഞെടുപ്പിലൂടെയും സഭയെ പടുത്തുയർത്താൻ സഹായിക്കുന്ന ദൗത്യങ്ങളും ശുശ്രൂഷകളും ഏറ്റെടുക്കുന്നതിലൂടെയും നാം അത് മനസ്സിലാക്കുന്നു' (നമ്പർ 77) ദൈവത്തിന്റെ വിളി തിരിച്ചറിയുകയും അതനുസരിച്ച് സമർപ്പണം നടത്തുകയും ചെയ്യുമ്പോഴാണ് ഓരോരുത്തരുടെയും ജീവിതം വിജയിക്കുന്നത്.

ലൗകായത്വവും സുഖലോലുപതയും ജീവിതവ്യഗ്രതകളും ഇന്ന് കുടുംബങ്ങളെയും മാനുഷിക ബന്ധങ്ങളെയും ശിഥിലമാക്കുന്ന സാഹചര്യങ്ങളാണെന്ന് നമുക്കറിയാമല്ലോ. ഈ പശ്ചാത്തലത്തിൽ ദൈവസ്നേ

ഹത്തിലും പരസ്നേഹത്തിലും വളരാൻ മനുഷ്യഹൃദയങ്ങളെ സജ്ജമാക്കുന്ന മഹനീയ ദൗത്യമാണ് വൈദികരും സന്യസ്തരും ഏറ്റെടുക്കുന്നത്. രോഗാതുരമായ സമൂഹത്തെ സുഖപ്പെടുത്തുക, പാപത്തിന്റെ ബന്ധനങ്ങളിൽനിന്ന് മനുഷ്യരെ മോചിപ്പിക്കുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, വിമോചനത്തിന്റെയും രക്ഷയുടെയും അനുഭവത്തിലേക്ക് എല്ലാവരെയും നയിക്കുക തുടങ്ങിയ ദൗത്യത്തിൽ പങ്കുചേർന്ന് പ്രവർത്തിക്കാൻ നമുക്ക് വൈദികരും സന്യസ്തരും ഉണ്ടാകണം. ദൈവത്തിന്റെ വചനം പ്രഘോഷിക്കാനും ബലിയർപ്പിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും അങ്ങനെ ക്രിസ്തുവിന്റെ രക്ഷയുടെ ഫലങ്ങൾ എല്ലാവർക്കും അനുഭവിച്ചറിയാനും സാധിക്കണം. ഇപ്രകാരം സുവിശേഷ മൂല്യങ്ങളിൽ അടിയുറച്ച 'സ്നേഹസമൂഹ സൃഷ്ടിക്കായ്', 'ദൈവജന കൂട്ടായ്മയുടെ' വിശുദ്ധീകരണത്തിനായി ധാരാളം വൈദികരും സന്യസ്തരും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇടവക വൈദികരാകാനും സന്യാസ വൈദികരാകാനും സന്യാസിനികളാകാനും ഉള്ള ദൈവവിളികൾ നാം പ്രോത്സാഹിപ്പിക്കണം.

ദൈവവിളി പ്രോത്സാഹനത്തിന് ഈ 'കുടുംബകൂട്ടായ്മ - പ്രേഷിത വർഷത്തിൽ' നമ്മുടെ രൂപതയിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ വൈദികരും സന്യസ്തരും ഇടവകകളും സ്ഥാപനങ്ങളും സകല വിശ്വാസികളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

1. മെയ് 8 ഞായറാഴ്ച മുതൽ 15 ഞായറാഴ്ച ഉൾപ്പെടെ ഉള്ള ദിവസങ്ങളിൽ ദിവ്യബലിക്കുശേഷം 'ദൈവവിളിക്കായുള്ള പ്രാർത്ഥന' ചൊല്ലുക.
2. 8-ാം തിയ്യതി ഞായറാഴ്ച പള്ളിയിൽ അറിയിച്ച് 15-ാം തിയ്യതി ഞായറാഴ്ച കുർബാനമധ്യേ പ്രത്യേകമായ സ്തോത്രകാഴ്ച എടുക്കുക. സംഖ്യ മെയ് 30-നകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കുക. സെമിനാരി പരിശീലനത്തിനുള്ള ചെലവിലേക്ക് ആ പണം ഉപയോഗിക്കാം.
3 പ്രഥമ ദിവ്യകാരുണ്യ സ്വീകരണം/ സ്ഥൈര്യലേപന സ്വീകരണം നടത്തുന്ന കുട്ടികൾ ഇടവക തലത്തിലും കുടുംബകൂട്ടായ്മ വർഷത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ദൈവവിളി പ്രോത്സാഹനത്തിന് സാമ്പത്തിക സഹകരണം എന്ന നിലയിൽ ഓരോ കുടുംബ യൂണിറ്റുകളും വിവാഹത്തിന്റെ വാർഷികം, ദശവർഷം, രജതസുവർണ്ണജൂബിലി എന്നിവയുടെ സ്മാരകമായി ദമ്പതികളും 15000 രൂപയുടെ ഓരോ ബേഴ്സ് സ്ഥാപിച്ച് വൈദിക പരിശീലനത്തിന് സഹായിക്കുക
4 ഓരോ മാസത്തിലെയും വരുമാനത്തിന്റെ ദശാംശം വൈദിക വിദ്യാർത്ഥികളുടെ പരിശീലന ചെലവിലേക്കായി നൽകി എല്ലാ വൈദികരും വൈദിക വിദ്യാർത്ഥികളും സമർപ്പിതരും ഈശോയുടെ തിരുഹൃദയത്തിന് അനുരൂപരായി ജീവിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

നിത്യപുരോഹിതനായ ഈശോയ്ക്ക് ജന്മം നൽകി വളർത്തിയ പരി. കന്യകാമാതാവ് ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ എല്ലാ യുവതീയുവാക്കളെയും പ്രാപ്തരാക്കട്ടെ. പ്രേഷിത തീക്ഷ്ണതയോടെ വിശ്വാസസമർപ്പണം ചെയ്ത് രക്തസാക്ഷിത്വം വരിച്ച വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം യാചിക്കാം. ദൈവവിളി പരിപോഷണത്തിന് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. നല്ലവനായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

---

NB: ഈ വിജ്ഞാപനം മെയ് 8 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## ഈ മാസം പിറന്നാളും തിരുനാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

May 01. Rev. Fr. Vincent Parayil
02. Rev. Fr. Joshy Paliakkara
06. Rev. Fr. Varghese Malieckal
06. Rev. Fr. Jijo Thundathil
07. Rev. Fr. Johnson G. Alappat
10. Rev. Fr. Freejo Parackal
12. Rev. Fr. Thomas Alukka
14. Rev. Fr. Sebastian Panjikaran
15. Rev. Fr. Plogen Kannampuzha
15. Rev. Fr. George Plassery
15. Rev. Fr. Nijo Pallai
19. Rev. Fr. Seby Kolangara
19. Rev. Fr. Shaju Kachappilly
21. Rev. Fr. Suresh Pudussery
22. Rev. Fr. Joju Kokkatt
23. Rev. Fr. Francis Kodiyan
24. Rev. Fr. Davis Kudiyirickal
24. Rev. Fr. Jaison Kudiyirickal
24. Rev. Fr. Rejoy Pazhayattil
27. Rev. Fr. Johnson Tharayil
28. Rev. Fr. Joji Palamattath
29. Rev. Fr. George Kalan
30. Rev. Fr. Jose Pazhayattil
31. Rev. Fr. Joseph Kanamkudam
31. Rev. Fr. Davis Thattil

**Feast Days**

May 16
Rev. Fr. Johnson G. Alappat
Rev. Fr. Joy Alappat

***ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!***

# വിജ്ഞാപനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരങ്ങളേ,

നമ്മുടെ സഭയുടെ തലവനും പിതാവുമായിരുന്ന പ്രിയങ്കരനുമായ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് നമ്മെ വേർപിരിഞ്ഞതിന്റെ നടുക്കത്തിൽനിന്നും നാം ഇനിയും വിമുക്തരായിട്ടില്ല. സീറോമലബാർ സഭയിലെ രൂപതാധ്യക്ഷന്മാരെല്ലാവരും റോമിൽ ആദ്ലീമിന സന്ദർശനത്തിലായിരുന്ന വേളയിലാണല്ലോ അഭിവന്ദ്യ പിതാവിന്റെ വിയോഗം സംഭവിച്ചത്. ദൈവഹിതത്തിന് തന്നെത്തന്നെ പൂർണ്ണമായും സമർപ്പിച്ച വർക്കി പിതാവിനെപ്പോലെ നമുക്കും ഇത് പിതാവിനെ സംബന്ധിച്ചുള്ള ദൈവഹിതമായി സ്വീകരിക്കാം. പരി. കുർബാനയിൽ പങ്കുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിച്ചതിനുശേഷം തന്റെ ദൗത്യം പൂർത്തിയാക്കി എന്ന ചാരിതാർത്ഥ്യത്തോടെയാണ് വർക്കി പിതാവ് തന്റെ സ്വർഗ്ഗീയ പിതാവിന്റെ പക്കലേയ്ക്ക് യാത്ര തിരിച്ചത്. 14 വർഷത്തിലധികം സീറോമലബാർ സഭയുടെ നായകസ്ഥാനത്തുനിന്ന് അനുരഞ്ജനത്തിന്റെയും കൂട്ടായ്മയുടെയും മാർഗ്ഗത്തിലൂടെ സഭയെ നയിച്ചുകൊണ്ട് സഭാധികാരികളോടും സഭാപഠനങ്ങളോടും തികഞ്ഞ വിശ്വസ്തത പുലർത്തിക്കൊണ്ടു തന്നെ സീറോമലബാർ സഭയുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശക്തിയുക്തം സ്വരമുയർത്തുകയും അതേസമയം എല്ലാവർക്കും പ്രിയങ്കരനായി എല്ലാവരെയും ആദരവോടെ ഉൾക്കൊള്ളുവാൻ പരിശ്രമിക്കുകയും ചെയ്തു കടന്നുപോയ വർക്കി പിതാവിന്റെ സ്മരണക്കുമുന്നിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്ക് ശിരസ്സ് നമിക്കാം, പിതാവിനുവേണ്ടി പ്രാർത്ഥിക്കാം.

വന്ദ്യ പിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷ വളരെ ബൃഹത്തായ ജനസാന്നിധ്യം കൊണ്ടും ശ്രദ്ധേയമായി. കത്തോലിക്കാ സഭയിലെയും മറ്റു സഭകളിലെയും മതവിഭാഗങ്ങളിലെയും ആത്മീയ നേതാക്കളുടെയും രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിലെ നേതാക്കളുടെയും കേന്ദ്ര സംസ്ഥാന മന്ത്രിമാരുടെയും സാന്നിധ്യവും സിവിൽ ഭരണസംവിധാനത്തിന്റെയും പോലീസ് വകുപ്പിന്റെയും മാധ്യമപ്രവർത്തകരുടെയും സഹകരണവും പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. തികഞ്ഞ അച്ചടക്കത്തോടും കൃത്യതയോടും കൂടെ പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ നമ്മുടെ വത്സല പിതാവിന് ഉചിതമായ യാത്രയയപ്പ് നൽകുവാൻ ത്യാഗമനസ്ഥിതിയോടെ പരിശ്രമിക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാവരോടും സീറോമലബാർ സഭയുടെയും എറണാകുളം അങ്കമാലി

അതിരൂപതയുടെയും അഡ്മിനിസ്ട്രർ എന്ന നിലയിൽ ഞാൻ ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രത്യേകമായി സീറോമലബാർ സഭയിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികഗണത്തോടും സന്യസ്തരോടും വിശ്വാസസമൂഹത്തോടും മൃതസംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ മൗണ്ട് സെന്റ് തോമസിലെ എല്ലാ അന്തേവാസികളോടും പ്രത്യേകമായി എറണാകുളം അതിരൂപത സഹായ മെത്രാന്മാരോടും കൂരിയായിലെ വൈദികരോടും വിവിധങ്ങളായ കമ്മിറ്റി അംഗങ്ങളോടും, ലിസി ഹോസ്പിറ്റൽ, ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ അധികൃതരോടും ഞാൻ നന്ദി പറയുന്നു. എല്ലാ തലങ്ങളിലുള്ള വ്യക്തികളുടെ കൂട്ടായ പ്രയത്നംകൊണ്ട് അഭിവന്ദ്യ വർക്കി പിതാവിന് സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ അർപ്പിക്കുവാൻ നമുക്ക് സാധിച്ചു. എല്ലാവർക്കും പ്രത്യേകം നന്ദി. പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ടും അനുശോചന സന്ദേശങ്ങൾ അയച്ചുകൊണ്ടും നമ്മുടെ ദുഃഖത്തിൽ പങ്കു ചേർന്നവർക്കെല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

അഭിവന്ദ്യ വർക്കി പിതാവിനുവേണ്ടിയുള്ള മരണാനന്തര ചടങ്ങുകളുടെ ഭാഗമായി മെയ് 11 ബുധനാഴ്ച കാലത്ത് 10.30-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നമ്മുടെ സഭയുടെ വ്യത്യസ്ത തലങ്ങളിലുള്ളവരുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 41-ാം ചരമദിന ശുശ്രൂഷകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്നേദിവസം നമ്മുടെ സഭയിൽ സാധിക്കാവുന്ന പള്ളികളിലും സ്ഥാപനങ്ങളിലും പിതാവിനുവേണ്ടി പ്രത്യേകം കുർബാന അർപ്പിക്കുകയും പ്രാർത്ഥനാശുശ്രൂഷകൾ നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മേജർ ആർച്ചുബിഷപ്പ് സ്ഥാനം ഒഴിവു വന്നാൽ രണ്ടു മാസത്തിനുള്ളിൽ സഭാ അഡ്മിനിസ്ട്രേറ്റർ സിനഡ് വിളിച്ചുകൂട്ടി പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ ചെയ്യണമെന്ന് കാനൻ നിയമവും നമ്മുടെ സഭയുടെ പ്രത്യേക നിയമങ്ങളും അനുശാസിക്കുന്നുണ്ട്. അതനുസരിച്ച് മേജർ ആർച്ച്ബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായുള്ള സീറോമലബാർ സഭാ പിതാക്കന്മാരുടെ സിനഡ് സമ്മേളനം മെയ് 23-ാം തിയ്യതി മുതൽ 29 വരെ നടത്തപ്പെടുന്നതാണ്. ഈ ദിവസങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കണം. നമ്മുടെ സഭയെ മുന്നോട്ടു നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയെ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ശക്തമായ രീതിയിൽ ഉണ്ടാകുവാൻ നാമെല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതുണ്ട്. മെയ് 1 മുതൽ സിനഡ് സമ്മേളനം

സമാപിക്കുന്നതുവരെ നമ്മുടെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലേണ്ടതായ ഒരു പ്രാർത്ഥന ഈ സർക്കുലറിനോടൊപ്പം ചേർക്കുന്നു. ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ട് നമ്മുടെ സഭയ്ക്ക് പുതിയ ഇടയനെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ സഭാവിശ്വാസികളെല്ലാവരും പങ്കുചേരണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

നമ്മുടെ സഭയ്ക്ക് സ്വർഗ്ഗത്തിൽ ശക്തനായ മധ്യസ്ഥനാണ് അഭിവന്ദ്യ വർക്കി പിതാവ് എന്ന ഉറച്ച വിശ്വാസത്തിൽ, പിതാവിന്റെ പാവന സ്മരണയ്ക്കു മുന്നിൽ ശിരസ്സു നമിച്ചുകൊണ്ടും എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊണ്ടും നിറുത്തട്ടെ.

**+ ബിഷപ്പ് ബോസ്കോ പുത്തൂർ**
സീറോമലബാർ സഭ അഡ്മിനിസ്ട്രേറ്റർ

*NB: ഈ വിജ്ഞാപനം മെയ് 1-ാം തിയ്യതി ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

## മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിന് ഒരുക്കമായുള്ള പ്രാർത്ഥന.

കർത്താവായ ദൈവമേ, മാർ തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണം വഴിയായി സ്ഥാപിതമായ ഞങ്ങളുടെ സഭയെ അളവറ്റ കൃപകൾ ചൊരിഞ്ഞ് പരിപാലിച്ചു കൊണ്ടിരിക്കുന്നതിനെയോർത്ത് അങ്ങേക്ക് ഞങ്ങൾ നന്ദി പറയുന്നു. സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കാൻ വേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന സീറോമലബാർ സഭയെ അങ്ങ് കാരുണ്യപൂർവ്വം ആശീർവ്വദിക്കണമെ. തികഞ്ഞ സ്നേഹത്തിലും ഉറച്ച വിശ്വാസത്തിലും സഭയെ നയിക്കുവാൻ വിശുദ്ധിയും വിജ്ഞാനവും വിവേകവും നിറഞ്ഞ ഒരു മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കുവാൻ സിനഡ് പിതാക്കന്മാരെ കാരുണ്യപൂർവ്വം അനുഗ്രഹിക്കണമെ. പെന്തക്കുസ്താ ദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ച് അവരെ ശക്തിപ്പെടുത്തിയ കർത്താവേ, ഞങ്ങളുടെ പിതാക്കന്മാരിൽ പരിശുദ്ധാത്മാവിന്റെ കൃപ സമൃദ്ധമായി ചൊരിയണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

(വിശുദ്ധ കുർബാനയ്ക്കുശേഷം കാർമ്മികൻ ചൊല്ലേണ്ട പ്രാർത്ഥന)

406/11
26.04.11

## വിജ്ഞാപനം

# വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ തിരുനാൾ

*യേശുവിൽ പ്രിയ സഹോദരേ, വാത്സല്യമുള്ള മക്കളേ,*

സമൂഹത്തിന്റെ അടിത്തറയായ കുടുംബങ്ങളെ ഉദ്ധരിക്കുന്നതി നായി ദൈവം പ്രത്യേകം വിളിച്ച് ഒരുക്കിയെടുത്ത കാലഘട്ടത്തിന്റെ പ്രവാചികയാണ് മദർ മറിയം ത്രേസ്യ.

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ *"കുടുംബം ഒരു കൂട്ടായ്മ"* എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു ക്രിസ്തുവിന്റെ മാറ്റമില്ലാത്ത നിത്യ നൂതനമായ സുവിശേഷം എല്ലാകുടുംബങ്ങളിലും എത്തിച്ചു കൊടുക്കുക എന്നത് ഇന്നത്തെ സഭയുടെ ഏറ്റവും വലിയ ആവശ്യമാണ്. ആധുനിക ലോകത്തിന്റെ ഈ അടിയന്തിരാവശ്യങ്ങൾ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വർഷങ്ങൾക്ക്മുമ്പ് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു. കുടുംബങ്ങളാണ് സമൂഹത്തിന്റെയും സംസ്കാരത്തിന്റേയും ഈറ്റില്ലങ്ങളെന്ന് മനസ്സിലാക്കിയ ത്രേസ്യ, കുടുംബസമുദ്ധാരണം ജീവിതവ്രതമായെടുത്തു. സ്ത്രീകൾക്കു വീടിനപ്പുറത്തേക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽപ്പോലും സമൂഹത്തിന്റെ മാമൂലുകളെ ധീരതയോടെ നേരിട്ട് ആത്മാവിലും ശരീരത്തിലും വേദനിക്കുന്ന രോഗികളെ അവരുടെ വീടുകളിൽചെന്ന് ശുശ്രൂഷിച്ചു. മരണാസന്നരെ നല്ല മരണത്തിനൊരുക്കിയും അനാഥരെ പരിചരിച്ചും കൂദാശകളിൽ നിന്നകന്നു ജീവിച്ചവരെ ദൈവത്തോടടുപ്പിച്ചും അധാർമ്മികജീവിതം നയിച്ചിരുന്നവരെ നന്മയുടെ പാതയിലേയ്ക്കാനയിച്ചും മറിയം ത്രേസ്യ തന്റെ ദൈവവിളി ജീവിക്കുകയായിരുന്നു. കാലഘട്ടത്തിന്റെ അതിർവരമ്പുകളെ അതിലംഘിച്ച് കുടുംബനവീകരണത്തിൽ മദർ മറിയം ത്രേസ്യ കാണിച്ച വിപ്ലവാത്മകമായ ക്രിസ്തീയധീരതയാണ് അവളെ ഗാർഹികസഭയുടെ പ്രവാചിക എന്ന അപദാനത്തിന് അർഹയാക്കിയത്.

ഗാർഹിക സഭയുടെ അമ്മയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ തകർന്ന കുടുംബങ്ങളെ സാന്ത്വനിപ്പിച്ചും ശുശ്രൂഷിച്ചും തിരുക്കുടുംബങ്ങളാക്കി മാറ്റി. സ്നേഹരാഹിത്യത്തിന്റെ മുറിപ്പാടുകൾ, അസ്വസ്ഥതയുടെ തേങ്ങലുകൾ, രോഗത്തിന്റെ നൊമ്പരങ്ങൾ, മദ്യത്തിന്റെ ദുരന്തങ്ങൾ, അജ്ഞതയുടെ അന്ധകാരം എന്നീ മേഖലകളിൽ ധീരതയോടെ പ്രവർത്തിച്ച് പ്രശംസകളില്ലാത്ത പ്രേഷിതമേഖലകളിലൂടെ നടന്നു നീങ്ങി. ഈ

പ്രവാചകദൗത്യത്തെക്കുറിച്ചുള്ള തീക്ഷ്ണതയാണ് തിരുക്കുടുംബ സന്യാസിനിസമൂഹം സ്ഥാപിക്കാൻ ത്രേസ്യയെ പ്രേരിപ്പിച്ചത്.

നമ്മുടെ രൂപത കുടുംബകൂട്ടായ്മ വർഷം ആചരിക്കുകയാണ ല്ലോ. ഈയവസരത്തിൽ കുടുംബങ്ങളുടെ വിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും ജീവിതദൗത്യമായി സ്വീകരിച്ച് ജീവിച്ച കുടുംബ പ്രേഷിതത്വ ത്തിന്റെ മദ്ധ്യസ്ഥയായ വാഴ്ത്തപ്പെട്ട മറിയംത്രേസ്യായുടെ മാദ്ധ്യസ്ഥ്യം നമുക്ക് തേടാം. ജൂൺ 8-ാം തിയ്യതി വാഴ്ത്തപ്പെട്ട മറിയംത്രേസ്യായുടെ തിരുനാൾ കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യാ തീർത്ഥകേന്ദ്രത്തിൽ സാഘോഷം കൊണ്ടാടുന്നു. നൊവേന ദിനങ്ങളിലും, ഏകദിന കൺവെൻ ഷനിലും, തിരുനാളിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ നമ്മുടെ കുടുംബങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ.



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

*NB: ഈ വിജ്ഞാപനം മെയ് 29-ാം തിയ്യതി ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാൾ പരിപാടികൾ

മെയ് 30 മുതൽ ജൂൺ 7-ാം തിയ്യതി വരെ എല്ലാ ദിവസവും (4-ാം തിയ്യതി ഒഴികെ) ഉച്ചതിരിഞ്ഞ് 3.30 ന് ഈ പുണ്യാത്മാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ഹോളിഫാമിലി മഠം കപ്പേളയിൽ ദിവ്യബലി, ലദീഞ്ഞ്, നൊവേന, തിരുശേഷിപ്പ് വണക്കം എന്നിവ ഉണ്ടായിരിക്കുന്നതാണ്. മെയ് 30-ാം തിയ്യതിയിലെ കൊടികയറ്റത്തിനും തിരുക്കർമ്മങ്ങൾക്കും ഇരിങ്ങാ ലക്കുട രൂപതാ വികാരിജനറാൾ മോൺ. ഡേവീസ് അമ്പൂക്കൻ മുഖ്യകാർമ്മി കത്വം വഹിക്കുന്നു.

ജൂൺ 4-ാം തിയ്യതി ശനിയാഴ്ച മാതാപിതാക്കൾക്ക് വേണ്ടി വചന പ്രഘോഷണവും രോഗശാന്തിശുശ്രൂഷയും കുടുംബനവീകരണപ്രാർത്ഥ നയും ഡിവൈൻ ധ്യാനകേന്ദ്ര ഡയറക്ടർ ഫാ. മാത്യു ഇലവുങ്കൽ VCയും ടീമംഗങ്ങളും നടത്തുന്നു. അന്നുതന്നെ ഈ സമയത്ത് വിവിധ പ്രായത്തി ലുള്ള കുട്ടികൾക്കായി ബ്ര. MA ഫ്രാൻസീസും കുടുംബവും നടത്തുന്ന സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

ജൂൺ 8 രാവിലെ 7.30-ന് ഇരിങ്ങാലക്കുട രൂപതാ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിലിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധബലിയും, അതിന് ശേഷം നേർച്ചയൂണ് ആശീർവ്വാദവും ഉണ്ടായിരിക്കുന്നതാണ്. 9.30 amന് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ഡോ. ഫ്രാൻസീസ് ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ തിരുനാൾ കുർബാനയും, 2.30 pmന് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ സമൂഹബലിയും തുടർന്ന് പ്രദക്ഷിണവും തിരുശേഷിപ്പു വണക്കവും ഉണ്ടായിരിക്കുന്നതാണ്.



1. **സീറോമലബാർ സഭാസിനഡ്**
   സീറോമലബാർ സഭയുടെ സിനഡ് മെയ് 23 മുതൽ 29 വരെ തിയ്യതികളിൽ സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിക്കും. മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് ദിവംഗതനായതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്ററായി നിയുക്തനായിരിക്കുന്ന മാർ ബോസ്കോ പുത്തൂർ പിതാവാണ് ഈ സിനഡ് വിളിച്ചിരിക്കുന്നത്. പുതിയ മേജർ ആർച്ച് ബിഷപ്പിനെ തെരഞ്ഞെടുക്കുക എന്നതാണ് ഈ പ്രത്യേക സിനഡിന്റെ മുഖ്യ അജൻഡ.

2 **ദൈവദാസൻ തോമസ് കുര്യാളശ്ശേരി ധന്യ പദവിയിലേയ്ക്ക്**
   ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനെന്ന നിലയിൽ "ക്രിസ്തുവിൽ എല്ലാം നവീകരിക്കുക" എന്ന ആദർശസൂക്തത്തിൽ കേന്ദ്രീകൃതമായി അജഗണങ്ങളെ നയിച്ച മാർ തോമസ് കുര്യാളശ്ശേരി പിതാവ് വിശുദ്ധ കുർബാനയുടെ ഉപാസകനും വിശുദ്ധിയുടെ സാക്ഷ്യവുമായിരുന്നു. തന്മൂലം നാമകരണ നടപടികൾ യഥാസമയം ആരംഭിച്ച് ക്രമാനുഗതമായി പുരോഗമിച്ചു. തൽഫലമായി ദൈവദാസൻ കുര്യാളശ്ശേരി 2011 ഏപ്രിൽ 2-ന് ധന്യപദവിയിലേക്ക് ഉയർത്തപ്പെടുകയുണ്ടായി എന്നത് നമ്മുടെ സഭയ്ക്ക് സദ്വാർത്തയാണ്.

3 **ഉക്രേനിയൻ സഭയ്ക്ക് പുതിയ ഇടയൻ**
   പൗരസ്ത്യ വിഭാഗത്തിലെ പ്രമുഖ സഭകളിൽ ഒന്നായ ഉക്രേനിയൻ കത്തോലിക്ക സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പായി ആർച്ചുബിഷപ്പ് സ്വിന്തോസ്ലാവ് ഷെവ്ചുക് ഈയിടെ തെരഞ്ഞെടുക്കപ്പെട്ടു. ലീവിൽ 5 ദിവസം നീണ്ടുനിന്ന സിനഡിന്റെ അവസാനത്തിൽ നടന്ന ഈ തെരഞ്ഞെടുപ്പിന് മാർപാപ്പയുടെ അംഗീകാരം ലഭിച്ചു.

നാല്പതുകാരനായ ആർച്ച്ബിഷപ്പ് ധാർമ്മികശാസ്ത്രത്തിൽ വലിയ പണ്ഡിതനാണ്.

**4 ചൈനയിൽ പുതിയ മെത്രാൻ**

സർക്കാർ - വത്തിക്കാൻ ഉഭയ സമ്മത ത്തോടെ ചൈനയിൽ ആദ്യത്തെ മെത്രാൻ അഭിഷിക്തനായി. ജിയാംഗ്മെൻ രൂപതാ ബിഷപ്പായി നാല്പത്താറുകാരനായ ഫാ. പോൾ ലിയാംഗ് ജിയാൻ സെൻ ആണ് നിയമിതനായിരിക്കുന്നത്. ഇരുപതിനായിരത്തോളം വിശ്വാസികളും ഏഴ് വൈദികരുമാണ് ഈ രൂപതയിൽ ഉള്ളത്.

**5 കുട്ടികൾക്കായി ഇല്ലസ്ട്രേറ്റഡ് ബൈബിൾ**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി കുട്ടികൾക്കായി ഇല്ലസ്ട്രേറ്റഡ് ബൈബിൾ പുറത്തിറക്കി. ഈശോയെയും അവിടുത്തെ ജീവിതത്തെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന ഈ സചിത്ര ബൈബിളിനെ "എന്റെ ഈശോ" എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. ഗ്രന്ഥത്തിന്റെ പ്രകാശനം ബൈബിൾ സൊസൈറ്റി ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിർവഹിച്ചു.

**6 തൃശ്ശൂർ അതിരൂപതയുടെ 125-ാം വർഷ ജൂബിലി**

അതിരൂപത ഒരു വികാരിയേറ്റ് എന്ന നിലയിൽ സ്ഥാപിതമായതിന്റെ 125-ാം വർഷ ജൂബിലിക്ക് മെയ് 20-ന് തുടക്കം കുറിക്കും. ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ഡോ. സാൽവദോർ പെന്നാക്കിയോ ഒരു വർഷം നീളുന്ന ആത്മീയ-സാമൂഹ്യപദ്ധതി അന്ന് ഉദ്ഘാടനം ചെയ്യും. ഇൻഡ്യയിലെ സുറിയാനിക്കാർക്കായി 1887 മെയ് 20-ന് Quod Jampridem എന്ന തിരുവെഴുത്ത് മുഖേന ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിക്കുകയും തൃശ്ശൂരിന്റെ വികാരി അപ്പസ്തോലിക്കയായി മോൺ. ഡോ. അഡോൾഫ് മെഡ്ലിക്കോട്ടിനെ നിയമിക്കുകയും ചെയ്തത്.

**7 ബിഷപ്പ് മൂലച്ചിറ ഗോഹാട്ടിയിലേക്ക്**

ഡിഹു രൂപതയുടെ മെത്രാനായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന ബിഷപ്പ് ജോൺ മൂലച്ചിറയെ ഗോഹാട്ടി അതിരൂപതയുടെ കൊ-അഡ്ജുത്തോർ (Co-Adjutor Archbishop of Gwahati) ആയി ഈയിടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചിരിക്കുന്നു. 2007ൽ മെത്രാനായി അഭിഷിക്തനായ അദ്ദേഹത്തിന്റെ ജന്മദേശം കേരളത്തിലെ പുതുശ്ശേരിയാണ്.

**റവ. ഡോ. ആന്റണി മഞ്ഞളി**

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന
# മേയ് ദിന സന്ദേശം - 2011

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. "നീ വസിക്കുന്ന ദേശത്ത് ദരിദ്രർ ഉണ്ടായിരിക്കും. ആകയാൽ നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു കയ്യയച്ചു കൊടുക്കുക" (നിയമാ. 15:11) എന്ന പ്രബോധനമാണ്, അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് 1 നെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രാധാന്യത്തോടെ മുന്നിലേയ്ക്ക് വരുന്നത്. തൊഴിലാളി കുടുംബത്തിൽ വന്നു പിറക്കുകയും മുപ്പതുവയസ്സുവരെ തന്റെ വളർത്തുപിതാവിന്റെ തൊഴിൽശാലയിൽ കഠിനാദ്ധ്വാനം ചെയ്ത് കുടുംബത്തെ സുരക്ഷിതമായി നയിക്കാൻ വിയർപ്പുചിന്തുകയും ചെയ്ത നമ്മുടെ നാഥനും രക്ഷകനുമായ ഈശോ മിശിഹായുടെ കാരുണ്യവർഷം അദ്ധ്വാനിക്കുന്നവരുടെമേൽ ഉണ്ടാകട്ടെ. മനുഷ്യപ്രയത്നത്തെ മഹത്ത്വീകരിച്ച യേശുക്രിസ്തുവിന്റെ സമീപനമാണ് സഭ തൊഴിലിനോടും തൊഴിലാളിയോടും പുലർത്തിവരുന്നത്.

2. ദൈവത്തിന്റെ മനുഷ്യസ്നേഹമാണ് സഭയുടെ ഉത്ഭവത്തിനു നിദാനം. സാമ്പത്തികമായും സാമൂഹികമായും തൊഴിൽപരമായും പാർശ്വവത്ക രിക്കപ്പെട്ട ദരിദ്രവിഭാഗങ്ങളുടെ മനുഷ്യാന്തസ്സ് ഉയർത്തുന്നതിനാണ് യേശു തമ്പുരാൻ പ്രാധാന്യം നല്കിയിരുന്നത്. തൊഴിൽ ചെയ്യുകയും തൊഴിൽ ചെയ്യുന്നവരോടൊപ്പം ചേരുകയും തൊഴിലാളികളിൽനിന്ന് അപ്പസ്തോല സമൂഹത്തെ രൂപപ്പെടുത്തുകയും ജോലി ചെയ്യാതെ നില്ക്കുന്നവരോട് "നിങ്ങൾ എന്താണ് ദിവസം മുഴുവൻ അലസന്മാരായി നില്ക്കുന്നത്" എന്ന് ചോദിച്ചുകൊണ്ട് കർത്താവ് നല്കിയ സുവിശേഷസന്ദേശവും, മാതൃക യുമാണ് സഭയും ലോകത്തിനു നല്കുന്നത്. സഭയുടെ സാമൂഹിക പ്രബോധനങ്ങളിലെല്ലാം നമുക്കിത് ദർശിക്കാനാകും. "സംരക്ഷിക്കപ്പെടേണ്ട മൂലധനം മനുഷ്യനാണ്; സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തി ന്റെയെല്ലാം ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യനാണ്" എന്നതാണ് സഭയുടെ ദർശനം (സത്യത്തിൽ സ്നേഹം, 25). വ്യക്തിയുടെയും കുടുംബ ത്തിന്റെയും സമൂഹത്തിന്റെയും സുരക്ഷയ്ക്കും ഉന്നമനത്തിനുമുള്ള ഉപാധിയായിട്ടാണ് സഭ തൊഴിലിനെ കാണുന്നത്. അതിനാൽ തൊഴിലിന്റെ മഹത്ത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളെയും അന്തസ്സിനെയും എക്കാലവും സഭ ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

3. "തൊഴിലിന്റെ പ്രാഥമിക മൂല്യം അതിന്റെ കർത്താവും ഉപഭോക്താവുമായ മനുഷ്യനിൽനിന്ന് തന്നെയാണ് പുറപ്പെടുന്നത്. മനുഷ്യൻ തന്റെ തൊഴിൽവഴി സൃഷ്ടികർമ്മത്തിൽ പങ്കുപറ്റുന്നു. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ ചെയ്യപ്പെടുന്ന തൊഴിൽ രക്ഷാകരമായിത്തീരും.'' (മതബോധനം 2460)

4. 'മാന്യതയുള്ള തൊഴിൽ' സാഹചര്യങ്ങൾ സൃഷ്ടിക്കാനായിട്ടുള്ള ആഹ്വാനമാണ് ഈ വർഷത്തെ മേയ്ദിന സന്ദേശത്തിൽ CBCI ലേബർ കമ്മീഷൻ നല്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലവകാശങ്ങൾ സാധിച്ചുകൊടുക്കുക, സാമൂഹികസുരക്ഷാപദ്ധതികൾ വിപുലീകരിക്കുക, തൊഴിലാളികളും തൊഴിലുടമകളുമായുള്ള ബന്ധം ഊട്ടിഉറപ്പിക്കുക എന്നീ നാലുകാര്യങ്ങൾ മാന്യതയുള്ള തൊഴിലിന് അനിവാര്യമാണെന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന നിർദ്ദേശിക്കുന്നത്.

5. "തൊഴിലും ദാരിദ്ര്യവും തമ്മിൽ ബന്ധമുണ്ട്. അവസരങ്ങളുടെ കുറവുകൊണ്ടോ തൊഴിലിൽ നിന്നുണ്ടാകുന്ന അവകാശങ്ങൾക്കും മൂല്യത്തിനും കുറഞ്ഞ മൂല്യം കല്പിക്കുന്നതുകൊണ്ടോ നീതിപൂർവ്വകമായ കൂലിക്കുള്ള തൊഴിലാളിയുടെ അവകാശത്തിന് വില കല്പിക്കാത്തതുകൊണ്ടോ ആണ് ഇങ്ങനെ സംഭവിക്കുന്നത്." (സത്യത്തിൽ സ്നേഹം, 63). വലിയ ലാഭം ഉണ്ടെങ്കിലും ന്യായമായ കൂലി നല്കാൻ തയ്യാറാകാത്ത പ്രവണത ഇന്നു വർദ്ധിച്ചുവരുന്നുണ്ട്. നിയമാനുസൃതമായ മിനിമംകൂലി നല്കാനും പലപ്പോഴും തയ്യാറാകുന്നില്ല. തൊഴിലാളികൾ സംഘടിതരല്ലാത്തതുമൂലം കൂട്ടായി വിലപേശാൻ ഇവർക്ക് കഴിയാതെ വരുന്നുണ്ട്.

6. "തന്റെയും താനുൾപ്പെടുന്ന സമൂഹത്തിന്റെയും ധാർമ്മികവും സാംസ്കാരികവും സാമ്പത്തികവുമായ നിലവാരം ഉയർത്തുവാൻ ഒരുവൻ നടത്തുന്ന ശാരീരികമോ ബുദ്ധിപരമോ സർഗാത്മകമോ ആയ പ്രവർത്തനമാണ് തൊഴിൽ''. "ഒരു വ്യക്തി തന്റെ കായികമോ. ബുദ്ധിപരമോ സർഗാത്മകമോ ആയ ശേഷികൾ വിനിയോഗിക്കുമ്പോൾ ലഭിക്കുന്ന പ്രതിഫലമാണ് കൂലി. ഇത് അവന്റെയും അവനെ ആശ്രയിച്ചു കഴിയുന്നവരുടെയും ആവശ്യങ്ങൾ നിറവേറ്റാനും അല്പം മിച്ചംവെച്ച് സ്വത്ത് സമ്പാദിക്കാനും ഉതകുന്നതായിരിക്കണം" എന്നു ''റേരും നൊവാരും'' (Rerum Novarum) എന്ന ചാക്രിക ലേഖനത്തിലൂടെ ലിയോ പതിമൂന്നാമൻ പാപ്പാ പഠിപ്പിക്കുന്നുണ്ട്.

7. ന്യായമായ കൂലി തൊഴിലാളികളുടെ അവകാശമാണ്. ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത് തെറ്റാണെന്നാണ് തിരുസ്സഭ പഠിപ്പിക്കുന്നത്. "നിങ്ങളുടെ നിലങ്ങളിൽനിന്ന് വിളവു ശേഖരിച്ച വേലക്കാർക്ക് കൊടുക്കാതെ

പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണപുടങ്ങളിൽ എത്തിയിരിക്കുന്നു (യാക്കോ. 5:4).

8. ഇതുപോലെ തന്നെ അദ്ധ്വാനിക്കാതെ പണംവാങ്ങുന്നതും തെറ്റാണ്. നോക്കുകൂലി പോലെയുള്ള തെറ്റായ ശൈലികൾ പരിഷ്കൃത സമൂഹത്തിന് ഒട്ടും സ്വീകാര്യമല്ല. നോക്കുകൂലിയെ ചില ട്രേഡ് യൂണിയനുകൾ തള്ളിപ്പറയുന്നുണ്ടെങ്കിലും അത് പ്രായോഗികമാക്കാനുള്ള ശ്രമങ്ങൾ അവരുടെ ഭാഗത്തു കാണുന്നില്ല. അവരുടെ സത്യസന്ധതയെക്കുറിച്ച് സംശയിക്കേണ്ടിയിരിക്കുന്നു. സർക്കാർ ഓഫീസുകളിലെ നല്ലൊരു വിഭാഗം ഉദ്യോഗസ്ഥരും ജോലിയൊന്നും ചെയ്യുന്നില്ലെന്ന ആക്ഷേപം വ്യാപകമാണ്. അത് ഏറെക്കുറെ സത്യമാണുതാനും. എന്നാൽ വളരെ സത്യസന്ധമായി ജോലിയെടുക്കുന്നവരുമുണ്ട് എന്ന വസ്തുത നാം മറക്കരുത്. പക്ഷേ അങ്ങനെയുള്ളവർക്ക് ഒരു ഭാഗത്തുനിന്നും കാര്യമായ പിൻബലം കിട്ടുന്നില്ല എന്നതും വസ്തുതയാണ്. അതുകൊണ്ട് കുറേക്കഴിയുമ്പോൾ അവരുടെ ഉത്സാഹമെല്ലാം നഷ്ടപ്പെടുന്നു.

9. ലോക സമ്പദ്‌വ്യവസ്ഥയെ മുഴുവൻ പിടിച്ചുകുലുക്കിയ സാമ്പത്തിക മാന്ദ്യത്തിൽനിന്നും സാവകാശം രാജ്യങ്ങൾ മോചിതമാകുന്ന ലക്ഷണമാണ് കണ്ടുവരുന്നത്. അതിനുണ്ടായിട്ടുള്ള തിരിച്ചടിയാണ് ജപ്പാനിലെ ഭൂമികുലുക്കവും സുനാമിയും. മനുഷ്യന്റെ കഴിവുകൾക്ക് പരിമിതിയുണ്ടെന്നും നാം ദൈവത്തിൽ ആശ്രയിച്ചേ മതിയാകൂ എന്നും ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷത്തെ ഇന്ത്യയുടെ ദേശീയ ആഭ്യന്തരോല്പാദന വളർച്ചാനിരക്ക് 8.6 ശതമാനം ആയിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. വളരെ ശുഭകരമായ ഒരു കാര്യം, കൃഷി- മത്സ്യബന്ധനം ഉൾപ്പെടെയുള്ള പ്രാഥമികമേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ചാ നിരക്ക് 5.4 ശതമാനം ആണെന്നതാണ്. ഈ രംഗത്ത് കഴിഞ്ഞ വർഷത്തെ വളർച്ചാ നിരക്ക് മൈനസ് 0.2 ശതമാനം ആയിരുന്നു. നമ്മുടെ രാജ്യത്തെ 65% ജനങ്ങളും പ്രാഥമിക മേഖലയിൽനിന്നാണ് നിത്യവൃത്തി കണ്ടെത്തുന്നതെന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

10. പ്രോത്സാഹനജനകമായ ഈ പശ്ചാത്തലത്തിലും അശുഭകരമായ സംഗതികൾ വർദ്ധിച്ചു വരികയാണെന്ന കാര്യം കൂടി നാം പരിഗണിക്കേണ്ടിയിരിക്കുന്നു. അതിരൂക്ഷമായ വിലക്കയറ്റമാണ് കഴിഞ്ഞവർഷം രാജ്യം ദർശിച്ചത്. ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളിൽ മാത്രം 16 ശതമാനം വിലക്കയറ്റം ഉണ്ടായി. ഇതുമൂലം ജനങ്ങളുടെ ജീവിതച്ചെലവിൽ 65 ശതമാനത്തിലധികം വർദ്ധനയുണ്ടാ

യെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അടിസ്ഥാന തൊഴിലാളി ജനവിഭാഗത്തിന്റെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രം നേടിയ വളർച്ചയുടെ ഗുണഭോക്താക്കളാകാൻ ഇവർക്ക് കഴിയാതെ വന്നിരിക്കുന്നു. ഉത്പാദനക്ഷമത കുറഞ്ഞതും തത്ഫലമായി ഉത്പാദന ച്ചെലവ് കൂടിയതും കള്ളപ്പണത്തിന്റെ അളവ് വർദ്ധിച്ചതുമെല്ലാം ഇതിന് കാരണങ്ങളാണ്. അനാവശ്യസമരങ്ങളും ബന്ദുകളും അലസതയുമെല്ലാം അതിന്റെ പിന്നിലുണ്ട്.

11. 2010 നവംബർ 4-ന് ഐക്യരാഷ്ട്രസഭ പുറത്തുവിട്ട മനുഷ്യവികസന റിപ്പോർട്ടിലെ കണ്ടെത്തലുകളും ഇന്ത്യയെ സംബന്ധിച്ച് അത്ര നന്നല്ല. സാമാന്യം വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് അതിനേക്കാളേറെ വേഗത്തിൽ ദാരിദ്ര്യവും പാർശ്വവത്കരണവും വർദ്ധിച്ചു വരുന്നുണ്ടെന്നാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിലാണ് നടക്കുന്നത്. ബഹുമുഖ ദാരിദ്ര്യസൂചിക (എം.പി.ഐ) ഉപയോഗിച്ചാണ് ഈ വർഷത്തെ മനുഷ്യവികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 55 ശതമാനത്തോളം ദരിദ്രരുള്ള ഇന്ത്യയുടെ സ്ഥാനം ലോകരാഷ്ട്രങ്ങളിൽ 119 ആണ്. ആഫ്രിക്കയിലെ ഇരുപത്തിയാറു രാജ്യങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ ദരിദ്രർ മദ്ധ്യ ഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളിൽ മാത്രം ഉണ്ടെന്ന റിപ്പോർട്ട് നടുക്കം കൊള്ളിക്കുന്നതാണ്.

12. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യൻ ജനതയിലെ പകുതിയിലധികം വരുന്ന ദരിദ്രർ ആരാണെന്നു ചോദിച്ചാൽ പകലന്തിയോളം അദ്ധ്വാനിച്ചിട്ടും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ സാധിക്കാത്ത അസംഘടിത തൊഴിലാളികളാ ണെന്നു മനസ്സിലാക്കാം. രാജ്യത്തെ 47 കോടി വരുന്ന തൊഴിൽശക്തിയിൽ 44 കോടിയും അസംഘടിത തൊഴിലാളികളാണ്. അസംഘടിത തൊഴിലാളി കളുടെ എണ്ണം കഴിഞ്ഞ അഞ്ചുവർഷത്തിൽ 93 നിന്നും 94 ശതമാനമായി വർദ്ധിച്ചിരിക്കുകയാണെന്നാണ് കേന്ദ്ര തൊഴിൽകാര്യവകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. സാമൂഹിക സുരക്ഷയും തൊഴിൽനിയമങ്ങളുടെ സംരക്ഷണവും ഇല്ലാത്ത തൊഴിലാളികളാണ് അസംഘടിത തൊഴിലാളികൾ. അഞ്ചേക്കർ വരെ കൃഷി ഭൂമിയുള്ളവരെ അസംഘടിത തൊഴിലാളികളുടെ പട്ടികയിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ ശക്തീകരണം രാഷ്ട്രത്തിന്റെ വികസന അജണ്ടയിൽ മുഖ്യ സ്ഥാനം നേടേണ്ടിയിരിക്കുന്നു.

13. നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളി മേഖലയിൽ കേന്ദ്രട്രേഡ് യൂണിയനുകളുടെ സാന്നിദ്ധ്യം ഇല്ലായെന്നു തന്നെ പറയണം. "ദേശീയ

ലേബർ യൂണിയനുകൾ അവയിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ താത്പര്യം മാത്രം സംരക്ഷിക്കുന്നതിൽ സ്വയം പരിമിതപ്പെടുത്താനുള്ള പ്രവണത കാണിക്കുന്നവയാണ്. അവ യൂണിയനിൽ അംഗങ്ങൾ അല്ലാത്ത തൊഴിലാളികളുടെ കാര്യത്തിലും താത്പര്യം കാണിക്കണം" (സത്യത്തിൽ സ്നേഹം-64) എന്ന ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ വാക്കുകൾ ഈ അവസരത്തിൽ എടുത്തുപറയേണ്ടതാണ്. എല്ലാ തൊഴിലാളികളുടെ യും സുരക്ഷയ്ക്ക് പകരം 'ഞങ്ങളുടെ ആളുകൾക്ക് മാത്രം' എന്നതിലേക്ക് മുഖ്യധാരാ യൂണിയനുകൾ ഒതുങ്ങിപ്പോകുന്നത് നാം കാണുന്നു. പല സർക്കാർ പദ്ധതികളും തൊഴിലാളിസമൂഹവും സാധാരണക്കാരും അറിയു ന്നതേയില്ല. പലപ്പോഴും രാഷ്ട്രീയ ലാഭത്തിനുള്ള കരുക്കളായി അവയെ ഉപയോഗിക്കുന്നു. അസംഘടിത തൊഴിലാളികൾക്കായി രൂപീകരിക്കപ്പെ ട്ടിരിക്കുന്ന സർക്കാർ ക്ഷേമനിധികളിൽ അംഗത്വം നല്കാനുള്ള നിയമാ നുസൃത നടപടികൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പലപ്പോഴും തയ്യാറാ കുന്നില്ലയെന്നതും ഖേദകരമാണ്. മിനിമംകൂലിയും നിലവിലുള്ള തൊഴിൽ നിയമങ്ങളും തീക്ഷ്ണതയോടെ നടപ്പിലാക്കാൻ സർക്കാർ ശ്രദ്ധിക്കേണ്ട താണ്. അതിനുള്ള ഉദ്യോഗസ്ഥസംവിധാനം ശക്തിപ്പെടുത്തണം. എല്ലാ വിഭാഗം അസംഘടിത തൊഴിലാളികളെയും മിനിമം കൂലിയുടെയും ക്ഷേമ നിധികളുടെയും പരിധിയിൽ കൊണ്ടുവരണം.

14. കടുത്ത ചൂഷണത്തിനു വിധേയമാകുന്ന വിവിധ വിഭാഗം അസംഘ ടിത തൊഴിലാളികൾ കേരളത്തിൽ ഉണ്ട്. ട്രേഡ് യൂണിയനുകളുടെ കരു ത്തിനു പേരുകേട്ട കേരളത്തിൽ, ഈ വിഭാഗം തൊഴിലാളികളെ യൂണിയ നുകളിൽ ചേർക്കാനോ അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനോ മുഖ്യധാരാ ട്രേഡ് യൂണിയനുകൾ വേണ്ടവിധത്തിൽ തയ്യാറാകുന്നില്ലായെ ന്നത് അത്ഭുതകരമാണ്. സ്ത്രീത്തൊഴിലാളികൾക്ക് പ്രാമുഖ്യമുള്ള പീടി കത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ എന്നിവരെയും അന്യ സംസ്ഥാന തൊഴിലാളികൾ, നാമമാത്ര കർഷകർ തുടങ്ങിയ നിരവധി വിഭാ ഗങ്ങളെയും മുഖ്യധാരാട്രേഡ് യൂണിയനുകൾ ബോധപൂർവ്വം വിസ്മരിക്കു കയാണെന്നു സംശയിക്കുന്നു.

15. നമ്മുടെ രാജ്യത്ത് ഇന്ത്യൻ കത്തോലിക്ക മെത്രാൻസമിതിയുടെ ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡ റേഷൻ (വിഫ്) ആണ് അസംഘടിത തൊഴിലാളികളുടെ ക്ഷേമപ്രവർത്ത നങ്ങൾക്ക് ദേശീയ തലത്തിൽ നേതൃത്വം നല്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിൽ കെ.സി.ബി.സി. യുടെ ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ

കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) ആണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

16. നമ്മുടെ രൂപതകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത തൊഴിലാളികളുടെ ആത്മീയവും ഭൗതികവുമായ നന്മയ്ക്കും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കുന്ന ഒരു സാമൂഹിക സംഘടനയാണ് കെ.എൽ.എം. അംഗബലം വർദ്ധിപ്പിച്ച് ശക്തി സംഭരിക്കുക എന്നതിനു പകരം ഓരോ തൊഴിലാളിക്കും മെച്ചപ്പെട്ട ജീവിത സൗകര്യവും സുരക്ഷയും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കെ. എൽ.എം. ഏറ്റെടുക്കുന്നത്. അതുകൊണ്ടു തന്നെ കെ.എൽ.എം. ഓഫീസുകൾ വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകളായാണ് പ്രവർത്തിച്ചുവരുന്നത്.

17. അസംഘടിത മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ ഫോറങ്ങൾ രൂപികരിച്ച് അവരെ എല്ലാവരെയും സാമൂഹിക സുരക്ഷാ സംവിധാനങ്ങളിൽ ഉൾപ്പെടുത്താൻ പ്രത്യേക പദ്ധതികൾ കെ.എൽ.എം. രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തൊഴിലാളിഫോറം, ഗാർഹികത്തൊഴിലാളി ഫോറം, തയ്യൽത്തൊഴിലാളി ഫോറം, ചെറുകിട തോട്ടംതൊഴിലാളി ഫോറം, പീടിക തൊഴിലാളി ഫോറം, മോട്ടോർതൊഴിലാളി ഫോറം എന്നീ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനം ഈ വർഷം എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലയിലെ എല്ലാ തൊഴിലാളികളെയും സർക്കാരിന്റെ നേതൃത്വത്തിലുള്ള വിവിധ ക്ഷേമ നിധികളിൽ അംഗങ്ങളാക്കാനുള്ള തീവ്ര പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ജനശ്രീ ഭീമാ യോജന, ആം ആദ്മി ഭീമായോജന, സ്വാവലംബൻ തുടങ്ങിയ കേന്ദ്ര സർക്കാർ പദ്ധതികളിലും ആർ.എസ്.ബി.വൈ.യിലും യൂണിവേഴ്സൽ മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിലും എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കണം.

18. കെ.എൽ.എം. ന്റെ പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും വ്യാപിപ്പിക്കേണ്ടതായിരിക്കുന്നു. ഇതിനായി എല്ലാ ഇടവകാതലത്തിലും തൊഴിലാളി ഫോറങ്ങളും, സ്വാശ്രയ സംഘങ്ങളും രൂപികരിച്ച് കെ.എൽ.എം. പ്രവർത്തനം ആരംഭിക്കണം. പ്രവർത്തനമുള്ള രൂപതകൾ കൂടുതൽ സജീവവും, ക്രിയാത്മകവുമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് തൊഴിലാളി നേതൃത്വത്തെ വളർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ക്രൈസ്തവരായ തൊഴിലാളികൾ എന്നതിലൊതുങ്ങാതെ മുഴുവൻ തൊഴിലാളികൾക്കും വേണ്ടിയാണ് കെ.എൽ.എം. നിലകൊള്ളുന്നത് എന്നതുതന്നെ സഭയുടെ പ്രവർത്തനത്തിന്റെ സാർവ്വത്രികതയെ എടുത്തുകാട്ടുന്നു. അതിനാൽ കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും കെഎൽഎം പ്രവർത്തനം

തുടങ്ങുവാൻ ഇനിയും വൈകരുതെന്നാണ് കെസിബിസി ലേബർ കമ്മീഷന്റെ ആഗ്രഹവും ആഹ്വാനവും. ഇതിനായി വൈദികസമൂഹവും സമർപ്പിതരും ദൈവജനം മുഴുവനും ഒരേ മനസ്സോടെ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

19. നമ്മുടെ കർത്താവിന്റെ മനുഷ്യസ്നേഹവും സമർപ്പണവും തന്നെയാണ് സഭ തൊഴിലാളി പ്രവർത്തനത്തിലൂടെ തുടരുന്നത്. അതിനാൽ തന്നെ തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളോടു സഹകരി ക്കാനും, അതിന് കരുത്ത് പകരാനും ഓരോ ക്രൈസ്തവവിശ്വാസിക്കും കടമയുണ്ട് "പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ" (ഗലാ 6:2) എന്ന വചനം നമുക്കോർക്കാം. നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളും കർഷകരും നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാൻ പുതിയ കാഴ്ചപ്പാടും ശൈലിയും സ്വാംശീക രിക്കാൻ നമുക്ക് തയ്യാറാകാം. തൊഴിലിന്റെ മഹത്ത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തനിക്കും തൊഴിൽ ദാതാവിനും സമൂഹത്തിനും നന്മയ്ക്കുതകുമാറ് തന്റെ കഴിവുകളും തൊഴിൽ ശേഷിയും വിനിയോഗിക്കുമെന്ന് ഈ മെയ്ദിനത്തിൻ ഓരോ തൊഴിലാളിയും പ്രതിജ്ഞ എടുക്കേണ്ടതുണ്ട്. മനുഷ്യനെയും രാജ്യത്തെയും ഭരണഘടനയെയും ആദരിക്കുന്ന തൊഴിലാളിനേതൃത്വം ഉയർന്നുവരാൻ വഴിയൊരുക്കേണ്ടതുണ്ട്. ഇതിനായി നമ്മുടെ കരങ്ങളെ കർത്താവിന്റെ കരങ്ങളോട് ചേർത്തുവച്ചുകൊണ്ട് വികസനത്തിനും നന്മയ്ക്കുമായി നമുക്ക് മുന്നേറാം. ഈ വർഷം മേയ് 1 ഞായറാഴ്ചയാണ്. അന്നേദിവസം തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലി അർപ്പിക്കുന്നത് ഉചിതമായിരിക്കും. രൂപതാതലത്തിൽ തൊഴിലാളിസംഗമങ്ങൾ നടത്തുന്നതും നല്ലതാണ്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട്, ഒരിക്കൽകൂടി എല്ലാവർക്കും മെയ് ദിനാശംസകൾ നേരുന്നു.

**ബിഷപ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ
**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/18.03.2011/Ref: 1620/K 35/OL/KCBC/DS



# ബ്ലെസ് എ ഹോം
# ഒരു വീടിനെ അനുഗ്രഹിക്കൂ.

ഇരിങ്ങാലക്കുട രൂപത ആരംഭിച്ചിരിക്കുന്ന സമഗ്ര കുടുംബക്ഷേമ പദ്ധതിയായ ബ്ലെസ് എ ഹോമിന് നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾക്കും പ്രോത്സാഹനത്തിനും ഒത്തിരി നന്ദി. ബ്ലസ് എ ഹോം ഒരു വർഷം പിന്നിടുകയാണ്. ആദ്യഘട്ടത്തിൽ 150 കുടുംബത്തിന് സഹായം നൽകിയിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ രൂപതയിലെ ഓരോ ഇടവകയ്ക്കും 100 വീടിന് ഒരു വീട് എന്ന അനുപാതത്തിൽ സഹായം കൊടുക്കുകയുണ്ടായി. ഇപ്പോൾ ഒരു വർഷം കൊണ്ട് 700 കുടുംബങ്ങൾക്കാണ് സഹായം നൽകിക്കൊണ്ടിരിക്കുന്നത്.

**1. ശ്രദ്ധിക്കാൻ**

* തെരഞ്ഞെടുക്കപ്പെട്ടവർ ആഴ്ചയിൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 10 മുതൽ 12.30 വരെയാണ് സഹായം വാങ്ങിക്കാൻ ബിഷപ്പ്സ് ഹൗസിലെ ഓഫീസിൽ വരേണ്ടത്. എക്കൗണ്ട് ആരുടെ പേരിൽ ചേർന്നുവോ ആ വ്യക്തി ഇവിടെ വരണം.
* സഹായം വാങ്ങാൻ വരുമ്പോൾ ഇവരുടെ ആവശ്യം മനസ്സിലാക്കി വികാരിയച്ചൻ ഒരു കത്ത് കൊടുത്തു വിടണം. ആവശ്യങ്ങൾ - മരുന്നു വാങ്ങാൻ, ഓപ്പറേഷൻ, കുട്ടികളുടെ പഠനം, വീട് സൗകര്യപ്പെടുത്തൽ
* അക്കൗണ്ടിലേക്ക് 5000 രൂപ വരണം. അതായത് തിരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ഇവിടെ ചേർന്നു കഴിഞ്ഞ് 5 മാസം കഴിയുമ്പോഴാണ് സഹായം ലഭിക്കുക.
* സഹായം വാങ്ങാൻ വരുന്നവർ വികാരിയച്ചന്റെ എഴുത്തും അവർക്ക് ലഭിച്ചിരിക്കുന്ന കൈപുസ്തകവും കൊണ്ടുവരേണ്ടതാണ്.

**2 കൂട്ടായ്മ - ജൂൺ 4**

ബ്ലെസ് എ ഹോമിനെ സഹായിക്കുന്നവരും ഇടവകയിൽ പ്രവർത്തിക്കുന്ന ആനിമേറ്റേഴ്സും രൂപതാ കമ്മിറ്റി അംഗങ്ങളും ഒത്തു ചേരുന്നു. ബ്ലസ് എ ഹോമിന്റെ കൂട്ടായ്മ ജൂൺ 4-ാം തിയ്യതി ശനിയാഴ്ച 10 മണിക്ക് ബിഷപ്പ്സ് ഹൗസിൽവച്ച് സംഘടിപ്പിക്കുന്നു. ബ്ലസ് എ ഹോമിന് സ്പോൺസർഷിപ്പായി സാധിക്കുന്നവർ സഹായിക്കണേ,

**3 സംഭാവന നൽകിയവർ (2011 മാർച്ച്)**

| | |
|---|---|
| Christ East Unit, St. Thomas Cathedral, IJK | 10,000 |
| Panthallookaran Lonappan Sons, Kodakara | 20000 |

| | |
|---|---|
| Mrs. Annie Stephan Ponoth, Kodakara | 12000 |
| The Family of Late Mrs. Annamma Ephrem & Late | |
| M.D. Ephrem Maliekkal, Puthenchira | 12000 |
| Palathingal Poulose Jose, Kattoor | 5000 |
| Peter Antony, Kombarakaran, Kattoor | 40000 |
| Grace Kids GardenMontessori Pre School, IJK | 12000 |
| Maliekkal Ezhekadan Devassy Vareed & Sons, Karoor | 12000 |
| Mr. Martin Johnson Nedumbakaran, Velayanad | 12000 |
| Mr. K.K. Job Kanamkudam, Velayanad | 12000 |
| Rev. Fr. Vicar & Parishione, St. Mary's Church, Velayanad | 25000 |
| Mr. Louis Xavier, Saudi Arabia | 25000 |
| Mr. Jose Thakolkaran, Puthenchira | 6000 |
| Mary P.V. Assisi School, Malapuram | 5000 |
| Mr. A.L. Joseph, Chirayath Alukkal, IJK | 50000 |
| Mr. Johnson Chenginiyadan, Ikkarakunnu | 5000 |
| Mrs. Annie & Mr. Varkey Mani Thekkekunnel, Aloor | 5000 |
| Mrs. Leena Mathew, Uzhuvath, W. Chalakudy | 12000 |
| Mr. P.O. Francis Thattil Perumbilly, Vellangallur | 6000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

## സ്മരണാഞ്ജലി



| | |
|---|---|
| റവ. ഫാ. ജെയ്ക്കബ് വേഴപറമ്പിൽ | 10-05-1981 |
| മോൺ. സക്കറിയാസ് പുതുശ്ശേരി | 13-05-1988 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.) | 08-05-1996 |
| റവ. ഫാ. ആന്റണി പറോക്കാരൻ | 20-05-2000 |
| റവ. ഫാ. വിൽസൻ ഊക്കൻ | 14-05-2003 |



**1 റാങ്ക് ജേതാക്കൾ**

**I st Rank**



**Melbin Anto**
Vennur

**II nd Rank**



**Risna Varghese**
Moonumuri

**III rd Rank**



**Dilna George**
Konnakuzhi



**Ancy K.B.**
Pazhookara



**Amala Jose**
Vennur



**Anitta Poulose**
Pulinkara

**2 STD X 100% വിജയം നേടിയ യൂണിറ്റുകൾ**

Annamannada
Kallur
Kottackal
Kumbidi
Kundur
Meladoor
Parakadavu
Pazhookara
Poovathussery
Snehagiri
Thumbarassery
Chendrappinni E.
Edamuttam
Edathiruthy F.
Fathima Nagar
Kadappuram
Kaipamangalam
Karalam
Karanchira
Perumbadappu
Vadachira
Vellani
Alamattam
Mala F.
Poyya
Chalakudy A. Unit
Chalakudy N.
Kottat
Koodapuzha
Mettipadam
Pariyaram
Perambra
Potta De Paul
Thiruthiparambu
Thessery
Edakulam
Kodungallur
Kalparambu F.
Padiyoor
Vadakumkara
Vellangallur
Vemballur

Chaipankuzhi
Maramcode
Mothirakanny
Munipara
Pillapara
Poovathingal
Pulinkara
Thazhur
Thumbacode
Dolours, IJK
Kallamkunnu
Karuvannur
Moorkanad
Oorakam
Paduanagar
Porathissery
Vallakunnu
Ambanoly
Chokkana
Kodakara F.
Lourdpuram
Moonnumuri
Murikingal
Parekattukara
Vallappadi
Vasupuram
Veeranchira
Kuzhikatukon
Mupliyam
Nandikara
Parappukara F.
Thottippal
Kuthirathadam
Kuzhikattussery
Puthenchira F.
Thumbur
Xaviyoor

**3 STD XII 100% വിജയം നേടിയ യൂണിറ്റുകൾ**

Aloor W.
Chalakudy W.
Karoor
Kottat
Mariyapuram
L.F. Potta
Pariyaram
Mettipadam
Thachudaparamba
Thiruthiparambu
Edamuttam
Karanchira
Kattoor
Vadachira
Vellani
Avittathur
Chemmanda
Kallettumkara
Moorkanad
Kallamkunnu
Muriyad
Oorakam
Paduvanagar
Porathissery
Pullur
Vallakunnu
Aripalam
Mathilakam
Padiyoor
Vadakumkara
Vallivattam
Vellangallur
Vellikulangara
Ambanoly
Kormala
Vasupuram
Murikingal
Veeranchira
Parekattukara
Kodunga
Chaipankuzhy
Mothirakanny
Maramcode
Munipara
S. Maramcode
Pulinkara
Aroormuzhi
Poovathingal
Pillapara
Poyya
Anandapuram L.F.
Kuthirathadam
Xaviyoor
Ambazhakad F.
Annamannada
Kumbidy
Meladoor
Pazhookara
Parakadavu
Kallur
Kottakcal
S. Thanissery
Vennur

4 **അഭിനന്ദനങ്ങൾ :** X, XII ക്ലാസ്സുകളിലെ രൂപതാ മതബോധന പരീക്ഷയിൽ റാങ്കുകളും ഉന്നത വിജയവും നേടിയ വിദ്യാർത്ഥികൾക്കും യൂണിറ്റ് ഭാരവാഹികൾക്കും 100% വിജയം കരസ്ഥമാക്കിയ X, XII ക്ലാസ്സുകളിലെ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ. 100% വിജയം നേടിയതിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷ എഴുതി ട്രോഫിക്ക് അർഹമായ യൂണിറ്റുകൾ

STD X : St. George Church, Pariyaram

STD XII : Little Flower Church, Potta

4 **മതാദ്ധ്യയന വർഷാരംഭം :** ജൂൺ 5-ാം തിയ്യതി പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. യൂണിറ്റുകളിൽ മെയ് 29-ാം തിയ്യതി ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സുകൾ നിശ്ചയിക്കുകയും 2011-12 മതാധ്യയന വർഷത്തെ പ്രവർത്തന പരിപാടികളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്യുന്നത് നല്ലതായിരിക്കും.

5 **25/50 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർ :** മതാദ്ധ്യാപക ശുശ്രൂഷയുടെ ജൂബിലി ആഘോഷിക്കുന്നവരുടെ പേരുവിവരം നൽകിയിട്ടില്ലെങ്കിൽ എത്രയുംവേഗം മതബോധന കേന്ദ്രത്തിൽ എത്തിക്കുക. പേരുകൾ Englishൽ CAPITAL അക്ഷരത്തിൽ അഡ്രസ്സ് എഴുതുവാൻ ശ്രദ്ധിക്കുമല്ലോ. ഫോൺ നമ്പർ കൃത്യമായി എഴുതുക.

6 **പ്രധാനാദ്ധ്യാപക മീറ്റിംഗ് :** മെയ് 28-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.45ന് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 1 മണിക്ക് അവസാനിക്കുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകരും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ഗൗരവമേറിയ കാരണങ്ങളാൽ ഏതെങ്കിലും പ്രധാന അദ്ധ്യാപകൻ വരുന്നില്ലെങ്കിൽ പകരം ഉത്തരവാദിത്വമുള്ള മറ്റൊരു അദ്ധ്യാപകനെ വിടേണ്ടതാണ്.

8 **പ്രൈവറ്റ് രജിസ്ട്രേഷൻ STD XII :** പരീക്ഷ മെയ് 21 ശനി

സമയം : 10.00 am - 12.00 am

സ്ഥലം : സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂൾ, ഇരിങ്ങാലക്കുട

9 **കയ്യെഴുത്തു മാസിക :** മതബോധന വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പോഷിപ്പിക്കുന്നതിനായി നടത്തപ്പെട്ട കയ്യെഴുത്തു മാസിക മത്സരത്തിൽ പങ്കെടുത്ത എല്ലാ യൂണിറ്റുകൾക്കും, മാസിക പുറത്തിറക്കാൻ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റെല്ലാവർക്കും പ്രത്യേകം നന്ദി. അഭിനന്ദനങ്ങൾ.

### A ഗ്രേഡ് കിട്ടിയ യൂണിറ്റുകൾ

1 St. Mary's Forane Church, Chalakudy (നീർച്ചാൽ)

2 St Antony's Church, Kottat (Drops)

3 O.L.P.H. Church, W. Chalakudy (സപ്തദീപങ്ങൾ)

4 Assumption Church, Mupliyam (തിരി)

5 Christ Unit, IJK (Sacrament)

6 St. Francis Church, Karanchira (നിറവ്)

7 St. Joseph's Church, Oorakam (വിശുദ്ധിയിലേക്ക് നീരൊഴുക്ക്)

8 St. Antony's Church, Kanakamala (മിസ്റ്ററിയോ)

9 St. Alphonsa's Church, Vallakunnu (ഹന)

10 St. Mary's Forane Churc, Puthenchira (കൃപാധാര)

11 St. Joseph's Church, Vellangallur (സ്പന്ദനം)

12 Chalakudy "A" Unit (ഹൃദയ സ്പന്ദനങ്ങൾ)

## B Grade ഗ്രേഡ് കിട്ടിയ യൂണിറ്റുകൾ

1 St. Joseph's Forane Church, Kodakara (Bedcon)

2 Kottackal St. Theresa's Church (പ്രസാദം)

3 St. John Nepumcian F. Church, Parappukara (എൽഡ്രോയി)

4 St. Jude Church, Munipara (കൃപാധനം)

5 St. Mary's Church, Nadavarambu (ബസാലേയിസ്)

6 St. Stanislaus Forane Church, Mala (ഉണർവ്വ്)

7 St. Joseph' Assumption Church, Maramcode (പറുദീസ)

8 St. Xavier's Church, Xaviyur (നീർച്ചാലുകൾ)

9 Holy Cross Church, Mapranam (സ്നേഹോദയം)

10 Sacred Heart Church, Snehagiri

10 **ഗ്രെയ്സ് ഫെസ്റ്റ് :** ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമായ കൂദാശകളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കി, ജീവിതം കൂടുതൽ കൃപാപൂർണ്ണമായി ജീവിക്കുവാൻ മതബോധന വിദ്യാർത്ഥികളെ ഒരുമിച്ച് ചേർത്ത് ഗ്രെയ്സ് ഫെസ്റ്റ് നടത്തി, അവധിക്കാലം അനുഗ്രഹപ്രദവും സന്തോഷകരവും ആക്കിത്തീർക്കാൻ പരിശ്രമിച്ച് വിജയിപ്പിച്ചതിൽ അതിയായ സന്തോഷമുണ്ട്. വിജ്ഞാനപ്രദവും ഉല്ലാസകരവുമായ ദിനങ്ങൾ ഭാവി തലമുറയ്ക്കായി ഒരുക്കുവാൻ നേതൃത്വവും പ്രോത്സാഹനവും നൽകിയ എല്ലാ വികാരിയച്ചന്മാർക്കും ഈ നൂതന സംരംഭത്തിനോട് സഹകരിച്ച എല്ലാ മതാധ്യാപകർക്കും യൂണിറ്റ് ഭാരവാഹികൾക്കും പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ ഭാവി തലമുറയ്ക്കും നന്ദി. അഭിനന്ദനങ്ങൾ.

9 **മതാദ്ധ്യാപക പരീക്ഷ :** പരീക്ഷയിൽ പങ്കെടുത്ത എല്ലാ മതാദ്ധ്യാപകർക്കും പ്രത്യേകം നന്ദി. 40 ഉം 40ന് മുകളിലും മാർക്കുള്ളവർക്ക് മെയ് 14-ാം തിയ്യതി രാവിലെ 10 മണി മുതൽ 12 മണി വരെ വിദ്യാജ്യോതിയിൽവെച്ച് പരീക്ഷ നടത്തപ്പെടുന്നതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

---

1 30. 04. 2011 രാവിലെ 10.30 മുതൽ 1 വരെ SAFI ഓഡിറ്റോറിയത്തിൽവച്ച് ഗ്രാമശ്രീ സ്വയാശ്രയ സംഘനേതാക്കളുടെ യോഗം.

2 01. 05. 2011 രാവിലെ 9 മുതൽ 12 വരെ ഇരിങ്ങാലക്കുട കത്തീഡ്രൽ സീയോൻ പാരിഷ്ഹാളിൽവച്ച് പൊതുജന ആരോഗ്യ ചികിത്സാ ക്യാമ്പ് ഡോ. വി. ജെ. പോൾ, ഡോ. ഡേവിസ് ചിറയത്ത്, റവ. ഡോ. സി. റെജിസ് CHF എന്നിവർ പങ്കെടുക്കുന്നു.

3. 09. 05. 2011 രാവിലെ 10 മുതൽ 1 വരെ പൂവ്വത്തുശ്ശേരി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി സന്നദ്ധ ആരോഗ്യ പ്രവർത്തകരെ കണ്ടെത്തൽ കുമ്പിടി പാരിഷ്ഹാളിൽവച്ച്.

4 14 .05. 2011 കുമ്പിടി പാരിഷ്ഹാളിൽവച്ച്, പൂവത്തുശ്ശേരി പാലിയേറ്റീവ് കെയർ യൂണിറ്റിലെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ ആരോഗ്യ പ്രവർത്തകർക്ക് ട്രെയിനിങ്ങ് രാവിലെ 10 മുതൽ 1 വരെ.

5 15. 05. 2011 മാരാംകോട് വച്ച് ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ ആഗ്രോ ക്ലബ്ബ് ലീഡേഴ്സ് പങ്കെടുക്കുന്ന റിവ്യൂ & റിഫ്ളെക്ഷൻ മീറ്റിങ്ങ്

6 20. 05. 2011 SAFI കോൺഫ്രൻസ് ഹാളിൽവച്ച് രാവിലെ 10 മുതൽ 1 വരെ CDC മീറ്റിങ്ങ്

7 25. 05. 2011 കൊടുങ്ങ പാരിഷ്ഹാളിൽവച്ച് ആഗ്രോ ക്ലബ് ലീഡേഴ്സ് പങ്കെടുക്കുന്ന റിവ്യൂ & റിഫ്ളക്ഷൻ മീറ്റിങ്ങ്

8 Anti -Tobacco ദിനാചരണത്തിന്റെ ഭാഗമായി 27. 05. 2011 രാവിലെ 10ന് കുറ്റിക്കാട് ഹയർ സെക്കന്ററി സ്ക്കൂളിൽ 'Drug Abuse' വിഷയമായി ബോധവൽക്കരണ സെമിനാർ

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ നിര്യാണത്തിൽ അനുശോചിക്കുകയും അനുസ്മരണ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഏപ്രിൽ 9ന് കാക്കനാട് മൗണ്ട് സെന്റ് തോമസിലെ സഭാ കാര്യാലയത്തിലെ പൊതുദർശന ചടങ്ങിലും ഏപ്രിൽ 10-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കായിലെ മൃതദേഹസംസ്ക്കാര ശുശ്രൂഷകളിലും പങ്കെടുത്ത് പ്രാർത്ഥിച്ചു.

2. Ad-Limina സന്ദർശനത്തിന് വത്തിക്കാനിലേയ്ക്ക് പുറപ്പെട്ട മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും മാർ പോളി കണ്ണൂക്കാടൻ പിതാവിനും സെമിനാരി കുടുംബം സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

3 സാഗർ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി ചിറയത്തും രാജ്കോട്ട് രൂപത മുൻ അധ്യക്ഷൻ മാർ ഗ്രിഗറി കരോട്ടെംബ്രേലും സെമിനാരി സന്ദർശിച്ചു.

4 കർമ്മലീത്താ സന്യാസീ സമൂഹത്തിന്റെ ദേവമാത പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ റവ. ഡോ. പോൾ ആച്ചാണ്ടി CMI ക്കും സംഘത്തിനും സെമിനാരിയിൽവച്ച് മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നേതൃത്വത്തിൽ അനുമോദനങ്ങൾ അർപ്പിച്ചു.

5 21 ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്ക് പൗരോഹിത്യ സ്വീകരണത്തിനു മുന്നോടിയായി വിവിധ പട്ടങ്ങൾ മാർ പോളി കണ്ണൂക്കാടൻ പിതാവ് നൽകി.

### സാമ്പത്തിക സഹായം നൽകിയവർ

1 ശ്രീമതി ജിജി വിൽസൻ അരിക്കാട്ട്, ആളൂർ
2 ശ്രീ. ജോബി ജോർജ്ജ് ഇരിമ്പൻ, പൂവത്തുശ്ശേരി
3 ശ്രീമതി റീത്ത ജോണി, പൂവത്തുശ്ശേരി
4 ശ്രീ. ജോസ് വർഗ്ഗീസ് പട്ടേരി, അരിപ്പാലം
5 ശ്രീ. കെ.എൽ. ജോർജ്ജ് കൈനാടത്തുപറമ്പിൽ, ആളൂർ
6 C/o. ഫാ. സെബി കാഞ്ഞിലശ്ശേരി, കാരൂർ
7 ശ്രീ. എ.സി. വിൻസെന്റ് കിഴക്കേപീടിക, ഇരിങ്ങാലക്കുട
8 ലൈജോ S/o. ശ്രീമതി റോസിലി ജോണി, ഇരിങ്ങാലക്കുട

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

I **1. Spiritual Renewal :** ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം മെയ് 2-ന് തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR ൽവെച്ച് നടത്തപ്പെടുന്നു.

2. **അവാർഡ് ടീം മീറ്റിങ്ങ് :** മെയ് 3-ന് ടീം ഒത്തുചേരുന്നു.

3 **Annual General Body:** 26-ാം തിയ്യതി അവാർഡിൽ ചേരുന്നു

## II Family Development Department

1 **Mothers & Family Day Celebration :** 15-ാം തിയ്യതി ശനിയാഴ്ച ചായ്പൻകുഴിയിൽവച്ച് അന്തർദ്ദേശീയ കുടുംബദിനവും മാതൃദിനവും ആചരിക്കുന്നു.

2 **Anti Tobacco Day Celebration :** 31-ാം തിയ്യതി ചൊവ്വാഴ്ച നവജ്യോതി വൈശ്ശേരിയിൽവച്ച് "പുകയിലയുടെയും മയക്കു മരുന്നിന്റെയും വിപത്ത്" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ്.

3 **Telecommunication Day Celebration :** 17-ാം തിയ്യതി ചൊവ്വാഴ്ച ഗ്രാമജ്യോതി നായരങ്ങാടി സൊസൈറ്റിയിൽവച്ച് "മാധ്യമത്തിന്റെ അതിപ്രസരം" എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തുന്നു.

## III Research & Training Department

1 **Fashion Designing Course :** നെടുപുഴ ഗവ. വനിത പോളിടെക്നിക്കുമായി സഹകരിച്ച് 26-ാം തിയ്യതി മുതൽ സാരി ഡിസൈനിങ്ങ് & എംബ്രോയിഡറി പരിശീലനം അവാർഡിൽ നടത്തപ്പെടുന്നു.

2 **Block Placement :** കോഴിക്കോട് ഹോളിക്രോസ് കോളേജിൽ രണ്ട് വിദ്യാർത്ഥികളും IGNOU De Paul അങ്കമാലിയിൽനിന്ന് ഒരു വിദ്യാർത്ഥിയും അവരുടെ പരിശീലനപരിപാടി അവാർഡിൽ നടത്തുന്നു.

## IV Community Based Rehabilitation Programme

**SARGA Formation :** മേലൂർ പഞ്ചായത്ത്, ചാലക്കുടി നഗരസഭ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് 3 സർഗ്ഗകൾ രൂപീകരിക്കുന്നു

## V Community Based Organisation

1 **Annual General Body :** അതിരപ്പിള്ളി, കോടശ്ശേരി, മറ്റത്തൂർ, പരിയാരം, വരന്തരപ്പിള്ളി എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളിലെ

ദേശവികസന സംഘടനകൾ മെയ് മാസത്തിൽ അവരുടെ വാർഷിക പൊതുയോഗങ്ങൾ നടത്തുന്നു.

2 **Children's Camp :** അവാർഡിന്റെ നേതൃത്വത്തിലുള്ള ദേശം വികസന സംഘടനകളിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ക്ലബ്ബിലെ വിദ്യാർത്ഥികൾക്കായി "സ്പന്ദനം 2011" ദ്വിദിന പരിപാടി നടത്തപ്പെടുന്നു.

3 **Scholarship Distribution :** ദേശവികസന സംഘടനകളിലെ ചിൽഡ്രൻസ് ക്ലബ്ബുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അവയ്ക്ക് പഠനോപകരണങ്ങളും സാമ്പത്തിക സഹായങ്ങളും വിതരണം ചെയ്യുന്നു.

## VI Agricultural Department

പുത്തുക്കാവ്-കാരത്തോട് നീർത്തട പദ്ധതികളുടെ കൺവീനർമാർക്കായി ആളൂർവെച്ച് "ഗാർഹികാതിക്രമ നിയമ'മത്തെക്കുറിച്ച് അവാർഡിന്റെ ലീഗൽ അഡ്വൈസർ അഡ്വ. ജിഷ മനോജ് 19-ാം തിയ്യതി ക്ലാസ്സ് നയിക്കുന്നു.

## VII Tsunami Rehabilitation Programme

തീരദേശ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അഴീക്കോട് പ്രദേശത്ത് 205 വീടുകളുടെയും തളിക്കുളത്ത് 40 വീടുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ




**നാളെകൾ**

മെയ് 3 - ക്ലിനിക്കൽ മീറ്റിങ്ങ്
മെയ് 4 - ഇവിടെ ചികിത്സയിലുള്ളവരുടെ ഭാര്യമാരുടെ മീറ്റിങ്ങ്
മെയ് 6 - സ്റ്റാഫ് മീറ്റിങ്ങ്
മെയ് 15 - ഫോളോ അപ്പ് പ്രോഗ്രാം
മെയ് 18 - ഇവിടെ ചികിത്സയിലുള്ളവരുടെ ഭാര്യമാരുടെ മീറ്റിങ്ങ്
മെയ് 31 - അഖിലലോക പുകയില വിരുദ്ധ ദിനം

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ




1 KCYM സംസ്ഥാന സമിതിയുടെയും ഇരിങ്ങാലക്കുട രൂപത KCYM ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് സെമിനാറും വിദ്യാഭ്യാസ പ്രദർശനവും സംഘടിപ്പിക്കുന്നു. ഏപ്രിൽ 30 ശനിയാഴ്ച രാവിലെ 9.30 മുതൽ 2.30 വരെ ഡോൺബോസ്കോ ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തുന്നു. ക്ലാസ്സ് നയിക്കുന്നത് : ഡോ. പി. ആർ. വെങ്കിട്ടരാമൻ, ജി.എസ്. പ്രദീപ് (അശ്വമേധം ഫെയിം) പ്രവേശനം സൗജന്യം.

2 KCYM ഇരിങ്ങാലക്കുട രൂപതയുടെ 2011 വർഷത്തെ ലീഡേഴ്സ് മീറ്റും KCYM ജന്മദിനാഘോഷവും മുൻ ഡയറക്ടർക്ക് യാത്രയയപ്പും ഒരുവൻ വിജയമാക്കിത്തീർക്കാൻ സഹകരിച്ച രൂപതയുടെ കീഴിലുള്ള വിവിധ KCYM യൂണിറ്റുകൾക്ക് രൂപതാസമിതി പ്രത്യേകം നന്ദി അർപ്പിക്കുന്നു. രൂപതാ KCYMന്റെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ നടത്തിവരുന്നു. ഏതെങ്കിലും KCYM യൂണിറ്റുകൾക്ക് രൂപതാ ഭാരവാഹികളെ വിവരം അറിയിക്കണമെങ്കിൽ താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

ചെയർമാൻ : ജിയോ ജെ. അരിക്കാട്ട് (9895917869)

ഡയറക്ടർ : ഫാ. കിൻസ് എളംകുന്നപ്പുഴ (9495246321)

**ഫാ. കിൻസ് എളങ്കുന്നപ്പുഴ**
ഡയറക്ടർ

---



1. **ദൈവവിളി ധ്യാനം**

മെയ് 2 തിങ്കളാഴ്ച വൈകീട്ട് 6 മുതൽ മെയ് 5 വ്യാഴാഴ്ച വൈകീട്ട് 4 വരെ, ഇരിങ്ങാലക്കുട സെന്റ് പോൾ മൈനർ സെമിനാരിയിൽ. ഈ വർഷം രൂപത മൈനർസെമിനാരിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ആൺകുട്ടികൾ നിർബന്ധമായും ജീവിതമാർഗ്ഗദർശന ക്യാമ്പുകളിലും ഈ ദൈവവിളി ധ്യാനത്തിലും സംബന്ധിക്കണം.

2 **ലോക ദൈവവിളി പ്രാർത്ഥനാദിനം**

മെയ് 15 ഞായറാഴ്ച - ദൈവവിളി പ്രോത്സാഹിപ്പിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
പ്രൊമോട്ടർ

1 **കുമ്പസാരം :** ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകീട്ട് 5 വരെ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കും.

2. **കൗൺസലിങ്ങ് :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കൗൺസലിംഗിന് സൗകര്യമുണ്ട്. മുൻകൂട്ടി വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ : 2821622

3 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മുതൽ വൈകീട്ട് 8 വരെ ആരാധന. നിശ്ശബ്ദ ആരാധനയാണ് നടത്തപ്പെടുക.

4. **നൊവേന :** എല്ലാ ചൊവ്വാഴ്ചകളിലും 8 മണിക്കുള്ള കുർബാനയോട് ചേർന്ന് വി. അന്തോണീസിനോടുള്ള നൊവേന.

5 **ബി. പ്ലസ് :** മാസാദ്യചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ. വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന.

6 **ദിവ്യകാരുണ്യ നൊവേന :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 8 മണിക്ക് ആഘോഷമായ ദിവ്യബലി, വചനസന്ദേശം, ദിവ്യകാരുണ്യ നൊവേന, ആരാധന എന്നിവ നടത്തപ്പെടുന്നു.

7 **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പ സാരം, കൗൺസലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭി ഷേക പ്രാർത്ഥന, ബന്ധനമോചനശുശ്രൂഷ എന്നിവ.

8 **വിധവാസംഗമം :** മെയ് 2-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 2 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവക കളിലും ഉള്ളവർക്ക്)

9 **ജെറീക്കോ പ്രാർത്ഥന :** 14-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണി യുടെ കുർബാനയോടെ ആരംഭിക്കുന്നു.

10 **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 21-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

11 **പ്രേഷിത കൂട്ടായ്മ :** 26-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30-ന്

12 അഖണ്ഡ ജപമാല : 29-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 ആരം ഭിച്ച് വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

**ഫാ. ആന്റോ ചുങ്കത്ത്**
വൈസ് റെക്ടർ

**നാളെകൾ**

| | | |
|---|---|---|
| മെയ് 1 | - | ആദ്യ ഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ NARF മീറ്റിംഗ് |
| മെയ് 11 | - | സ്റ്റാഫ് മീറ്റിംഗ് |
| മെയ് 14-21 | - | ലഹരി വിമോചന പരിശീലന ക്യാമ്പ് |
| മെയ് 16 | - | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| മെയ് 21 | - | ലീഡേഴ്സ് + ആനിമേറ്റേഴ്സ് മീറ്റിംഗ് |
| മെയ് 23-25 | - | ഫീൽഡ് വിസിറ്റ് |
| മെയ് 27-28 | - | സ്ത്രീകളുടെ ക്യാമ്പ് |
| മെയ് 28 | - | റിലാപ്സ് പ്രിവെൻഷൻ + ഫോളോ അപ് ക്യാമ്പ് (ഫെബ്രുവരി & മാർച്ച് ക്യാമ്പേഴ്സ്) |
| മെയ് 31 | - | അഖിലലോക പുകയില വിരുദ്ധ ദിന സമ്മേളനം |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## പ്രതിനിധി യോഗാംഗങ്ങൾക്ക് ധ്യാനം
### ആളൂർ ബി.എൽ.എം. സെന്ററിൽ

രൂപതയുടെ ധ്യാനകേന്ദ്രമായ ആളൂർ ബി.എൽ.എം. സെന്ററിൽ വച്ച് രൂപതയിലെ പ്രതിനിധിയോഗാംഗങ്ങൾക്കായി ധ്യാനം ആരംഭിക്കുന്നു. ആത്മീയ നവീകരണത്തിലൂടെ സഭയോടൊത്ത് ചിന്തിക്കുവാനും, ഇടവകസമൂഹങ്ങളെ വിശ്വാസത്തിലും, സ്നേഹത്തിലും അധിഷ്ഠിതമായ ഒരു കൂട്ടായ്മയായി രൂപപ്പെടുത്തുവാനുമായി ഒരുക്കുന്ന ഈ ധ്യാനങ്ങളിലേയ്ക്ക് നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഫൊറോന അടിസ്ഥാനത്തിലുള്ള ഈ ധ്യാനശുശ്രൂഷകൾ മെയ് മാസത്തിൽ ഇരിങ്ങാലക്കുട ഫൊറോനയിലെ പള്ളികളിൽനിന്നുള്ള പ്രതിനിധി യോഗാംഗങ്ങൾക്ക് വേണ്ടിയാണ്.

ധ്യാനദിവസങ്ങൾ : മെയ് 19, 20, 21, 22

NB: ധ്യാനം മെയ് 19-ാം തിയ്യതി വ്യാഴാഴ്ച 4 മണിക്ക് ആരംഭിച്ച് 22-ാം തിയ്യതി ഞായറാഴ്ച 3 മണിക്ക് അവസാനിക്കുന്നതാണ്.



**1 സാവിയോ ഫെസ്റ്റ്**

മെയ് 6 വെള്ളി അൾത്താര ബാലന്മാരുടെ രൂപതാ കൺവെൻഷൻ മെയ് 6 വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽ. പ്രൊഫ. മരിയ ജോസഫ് ക്ലാസ്സ് നയിക്കുന്നു. മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനവും മാർ ജെയിംസ് പഴയാറ്റിൽ സമാപന സന്ദേശവും നൽകുന്നു. വി. ബലി, വിശ്വാസപ്രഘോഷണ റാലി, സമ്മാനദാനം എന്നിവ ഉണ്ടായിരിക്കും.

**2 ലീഡേഴ്സ് മീറ്റ്**

ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ നടത്തപ്പെട്ട ലീഡേഴ്സ് മീറ്റിൽ 130 ഇടവകകളിൽനിന്ന് 200 പേർ പങ്കെടുത്തു.

**3 Super Talent Fest**

3 മേഖലകളിലായ് കലാസാഹിത്യ മത്സരങ്ങൾ നടത്തുകയുണ്ടായി.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ





**1 പ്രീകാന രജിസ്ട്രേഷൻ**

പ്രീകാന രജിസ്ട്രേഷൻ എല്ലാവർക്കും എളുപ്പമാക്കുന്നതിന് On-line registration സൗകര്യം ഒരുക്കിയിരിക്കുന്നു. pacsijk.com എന്ന വെബ്സൈറ്റിൽ പ്രീകാന രജിസ്റ്റർ ചെയ്യുക. അവിടെ നൽകിയിട്ടുള്ള അക്കൗണ്ട് നമ്പറിൽ (ഫെഡറൽ ബാങ്ക്) പണമടച്ചാൽ നിങ്ങൾക്കും പാക്സിൽനിന്ന് രജിസ്റ്റർ നമ്പർ അടക്കം ഇ-മെയിൽ ലഭിക്കും. അത് പ്രിന്റ് ചെയ്ത് ആ കോപ്പിയിൽ വികാരിയച്ചനെക്കൊണ്ട് ഒപ്പും സീലും വച്ച് പ്രോഗ്രാമിന് കൊണ്ടുവരേണ്ടതാണ്.

**2. കുടുംബകൂട്ടായ്മ വർഷം**

പ്രാർത്ഥനയോ, പോസ്റ്ററോ, ഫ്ളക്സോ ആവശ്യമായവർക്ക് അരമനയിൽനിന്ന് ലഭിക്കുന്നതാണ്.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

**ധ്യാനകേന്ദ്രത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

**പരിശുദ്ധാത്മാഭിഷേക ധ്യാനം :** മെയ് 5, 6, 7, 8

**കുട്ടികളുടെ ധ്യാനം :** മെയ് 12, 13, 14, 15

**പ്രതിനിധി യോഗാംഗങ്ങളുടെ ധ്യാനം** (ഇരിങ്ങാലക്കുട ഫൊറോന) മെയ് 19, 20, 21, 22

**യുവജനധ്യാനം :** മെയ് 26, 27, 28, 29

എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണി വരെ വചനപ്രഘോഷണവും ദിവ്യകാരുണ്യസൗഖ്യ ആരാധനയും.

എല്ലാ ദിവസവും രാവിലെ 10 മുതൽ 4 വരെ നിത്യാരാധനയും മധ്യസ്ഥ പ്രാർത്ഥനയും.

**കരിസ്മാറ്റിക് ഏകദിന കൂട്ടായ്മ :** മെയ് 2

**വിധവകൾക്കുള്ള ഏകദിനധ്യാനം :** മെയ് 9 രാവിലെ 10 മുതൽ 3.30 വരെ.

**ദമ്പതികളുടെ കൂട്ടായ്മ :** മെയ് 15 ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ

**ഏകസ്ഥർക്കുള്ള ഏകദിനം :** മെയ് 16 രാവിലെ 10 മുതൽ 3.30 വരെ

**മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ :** മെയ് 22 ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ.

NB:- 1. എല്ലാ ശുശ്രൂഷകളിലും വി. കുർബാന, കുമ്പസാരം, ആരാധന, ആത്മാഭിഷേക പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും.

NB:- 2. താമസിച്ചുള്ള ധ്യാനം എല്ലാ വ്യാഴാഴ്ചയും ഉച്ചതിരിഞ്ഞ് 5 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് സമാപിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് ബി.എൽ.എം. ധ്യാനകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0480 – 2720272

**ഫാ. ജോയ് തറക്കൽ,** ഡയറക്ടർ

---

## പാക്സ്

1 **പ്രീ - കാന :** മെയ് 2, 3, 4; 9, 10, 11; 16, 17, 18; 23, 24, 25. ജൂൺ 6, 7, 8

2 **പോസ്റ്റ് കാന :** മെയ് 13, 14, ജൂൺ 10, 11

3 **ബൈബിൾ കോഴ്സ്:** മെയ് 2 മുതൽ 28 വരെ

4 **ജൂനിയർ സിസ്റ്റേഴ്സ് രൂപതാ സഹവാസ ക്യാമ്പ് :** മെയ് 2 – 30 വരെ.

**ഫാ. ജോയ് നെല്ലിശ്ശേരി,** ഡയറക്ടർ



**മെയ് 2011**

| | | |
|---|---|---|
| 1. | 9.00 a.m.<br>2.00 p.m. | തൊഴിലാളി ദിനം K.S.E. ഇരിങ്ങാലക്കുട<br>പുല്ലൂർ പള്ളി |
| 2 | 11.a.m.<br>2.30 p.m.<br>6.00 p.m<br>7.30 p.m | എലിഞ്ഞിപ്ര<br>കരാഞ്ചിറ<br>മൈനർ സെമിനാരി<br>BLM, ആളൂർ |
| 3. | <br>6.00 p.m | സന്ദർശകദിനം<br>വെള്ളാങ്കല്ലൂർ പള്ളി |
| 4 | 10 | ഇരിങ്ങാലക്കുട |
| 5 | 7.15 a.m<br>4.00 p.m | കത്തീഡ്രൽ<br>S. താണിശ്ശേരി |
| 6 | 6.30 a.m<br>9.30 a.m<br>4.30 p.m | IJK.അൽവേർണിയ<br>സാവിയോ ഫെസ്റ്റ്, ഇരിങ്ങാലക്കുട<br>പരിയാരം പള്ളി |
| 7 | 8.30 a.m<br>2.30 p.m | പുത്തൻചിറ ഈസ്റ്റ് പള്ളി<br>മൈനർ സെമിനാരി |
| 8 | 6.30 a.m<br>2.30 p.m | പൂവ്വത്തിങ്കൽ പള്ളി<br>മോതിരക്കണ്ണി പള്ളി |
| 9 | 12.00 noon | പുത്തൻചിറ ഈസ്റ്റ് പള്ളി |
| 10 | | സന്ദർശകദിനം |
| 11 | 10.00 a.m | പുല്ലൂർ പള്ളി |
| 12 | 10.00 a.m<br>2.30 p.m | ഇരിങ്ങാലക്കുട<br>അമ്പഴക്കാട് ഫൊറോന പള്ളി |
| 13 | 9.00 a.m | മൈനർ സെമിനാരി |

| | | |
|---|---|---|
| 14 | 7.00 a.m<br>10.00 a.m<br>2.00 p.m | പ്രസാദവരനാഥ പള്ളി, ആളൂർ<br>കത്തീഡ്രൽ<br>സഹൃദയ, കൊടകര |
| 15 | 6.00 a.m<br>9.30 a.m<br>4.30 p.m<br>6.00 p.m | ഊരകം പള്ളി<br>പുത്തൻചിറ ഈസ്റ്റ് പള്ളി<br>പറപ്പൂക്കര ഫൊറോന പള്ളി<br>പോട്ട പള്ളി |
| 16 | 7.30 a.m | വാടച്ചിറ പള്ളി |
| 17 | | സന്ദർശകദിനം |
| 18 | 9.30 a.m<br>11.00 a.m | മുപ്ലിയം<br>മൈനർ സെമിനാരി |
| 19 | 4.00 p.m | സെന്റ് ജെയിംസ് അക്കാദമി, ചാലക്കുടി |
| 20 | 6.45 a.m<br>4.00 p.m | നവചൈതന്യ, ആളൂർ<br>ലൂർദ്ദ് കത്തീഡ്രൽ, തൃശ്ശൂർ |
| 21 | 9.00 a.m<br>2.00 p.m<br>5.00 p.m | തൂമ്പാക്കോട് പള്ളി<br>BLM, ആളൂർ<br>എലിഞ്ഞിപ്ര ബത്‌ലേഹം പള്ളി |
| 22 | | മുരിക്കിങ്ങൽ പള്ളി |
| 23-27 | | സീറോമലബാർ സിനഡ് - കാക്കനാട് മൗണ്ട് സെന്റ് തോമസ് |
| 28 | 10.30 a.m<br>5.00 p.m | തോട്ടുമുഖം, ആലുവ<br>വെള്ളാനി പള്ളി |
| 29 | | വെണ്ണൂർ പള്ളി |
| 30 | 10.00 a.m | ഇരിങ്ങാലക്കുട<br>"Bless A Home" |

## ഇടയന്റെ ഇന്നലെകൾ

**ഏപ്രിൽ 2011**

| | | |
|---|---|---|
| 1-8 | | ആദ് ലീമിന സന്ദർശനം - റോം |
| 9. | 10.00 a.m. | ദിവംഗതനായ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിനുവേണ്ടി സീറോമലബാർ സഭ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അനുസ്മരണ ബലിയിൽ പങ്കെടുത്തു |
| 10. | 02.30 p.m. | എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടത്തപ്പെട്ട കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. |
| 11. | 09.00 a.m. | കൂരിയാ മീറ്റിംഗ് നടത്തി. |
| | 03.00 p.m. | സഹൃദയ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 07.00 p.m. | രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളെ കണ്ടു. |
| 12. | 06.30 a.m. | PACS- ൽ വി. ബലി അർപ്പിച്ചു. സന്ദർശകരെ സ്വീകരിച്ചു. |
| | 05.45 p.m. | കത്തീഡ്രൽ പള്ളിയിൽ വാർഷികധ്യാനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | 07.00 p.m. | ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളെ കണ്ടു. |
| 13. | | രൂപതാകേന്ദ്രത്തിൽ നടന്ന വിവിധ മീറ്റിങ്ങുകളിൽ സംബന്ധിച്ചു. |
| | 07.00 p.m. | മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളെ കണ്ടു. |
| 14 | 02.00 p.m. | 'Bless A Home' കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. |
| | 06.00 p.m. | മലയാറ്റൂർ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 15. | 11.00 a.m. | കൺസൾട്ടേഴ്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| 16. | 10.30 a.m. | ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി. |
| | 02.00 p.m. | കാറോയ, ഹെവ്പ്പദ്യാക്ക്നാ, മ്ശംശാന എന്നീ പട്ടങ്ങൾ നൽകി. |
| | 05.00 p.m. | ഇരിങ്ങാലക്കുട കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലെ നഴ്സിംഗ് സ്ക്കൂളിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു. |
| | 07.00 p.m. | റീജൻസി ബ്രദേഴ്സിനെ കണ്ടു. |
| 17. | 06.00 a.m. | കത്തീഡ്രൽ പള്ളിയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 05.00 p.m. | കനകമല കുരിശുമുടിയിൽ വി. ബലിയർപ്പിച്ചു. |
| 18. | | മെത്രാഭിഷേകത്തിന്റെ ഒന്നാം വാർഷികദിനം |

| | | |
|---|---|---|
| | 10.00 a.m. | കത്തീഡ്രൽ പള്ളിയിൽ സമൂഹബലിയർപ്പിച്ച് മൂറോൻ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിച്ചു. രൂപതയിലെ “കുടുംബകൂട്ടായ്മ വർഷം” ഔദ്യോഗിക മായി ഉദ്ഘാടനം ചെയ്തു. |
| | 04.45 p.m. | രൂപത സോഷ്യൽ ആക്ഷൻ മീറ്റിംഗിൽ പങ്കെടുത്തു. |
| 19. | 06.30 a.m. | ആൺകുട്ടികളുടെ ജീവിതമാർഗ്ഗദർശന ക്യാമ്പിനോടനു ബന്ധിച്ച് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു |
| | 05.30 p.m. | ആലുവ സെന്റ് ആന്റണീസ് CMI ആശ്രമത്തിൽ ബൈബിൾ കൺവെൻഷന്റെസമാപനത്തിൽ വി. ബലി യർപ്പിച്ച് സന്ദേശം നൽകി. |
| 20 | 06.30 a.m. | IJK ഉദയപ്രൊവിൻഷ്യൽഹൗസിൽ വി. ബലിയർപ്പിച്ചു. |
| 21. | 07.00 a.m. | പെസഹാ വ്യാഴത്തിന്റെ തിരുക്കർമ്മങ്ങൾക്ക് കത്തീ ഡ്രലിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 09.00 p.m. | പരിയാരം CSRൽ ധ്യാനസന്ദേശം നൽകി. |
| 22 | 07.00 a.m. | പീഡാനുഭവ വെള്ളി തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രലിൽ നേതൃത്വം നൽകി. |
| | 05.00 p.m. | പറപ്പൂക്കര ഫൊറോന പള്ളിയിൽ ദുഃഖവെള്ളി സന്ദേശം നൽകി. |
| 23 | 07.00 a.m. | വലിയ ശനി തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 04.00 p.m. | കാത്തലിക് സെന്ററിൽ നടത്തപ്പെട്ട ജീവകാരുണ്യ പരി പാടിയിൽ പങ്കെടുത്തു. |
| 24 | 02.30 a.m. | കത്തീഡ്രലിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു |
| 25 | 02.00 p.m. | നവീകരിച്ച കല്ലംകുന്ന് ഇടവക ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. |
| 26 | | സന്ദർശകരെ സ്വീകരിച്ചു. |
| | 02.45 p.m. | പുനർ നിർമ്മിതമായ മഠത്തുംപടി ഇടവക ദേവാലയ ത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. |
| 27 | 10.30 a.m. | കോലഴി ചാരിറ്റി സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ സന്യാ സിനികളുടെ Vestition and Final Profession നോടനുബ ന്ധിച്ച് വി. ബലിയർപ്പിച്ചു. |
| 28 | 07.00 a.m. | കൊറ്റനെല്ലൂർ ഇടവകയിൽ ആദ്യകുർബാന സ്വീകരണ ത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 10.00 a.m. | CMC സിസ്റ്റേഴ്സിന്റെ Vestition and Golden Jubileeയ്ക്ക് കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു. |

| | | |
|---|---|---|
| | 05.00 p.m. | കല്ലംകുന്ന് ഇടവകയുടെ രജതജൂബിലി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| 29 | 06.30 a.m. | IJK. അൽവേർണിയ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. |
| | 10.00 a.m. | ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ പിതാവിനെ സന്ദർശിച്ചു. |
| | 05.30 p.m. | കാക്കുളിശ്ശേരി പള്ളിയിലെ തിരുന്നാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. |
| 30 | 07.00 a.m. | താഴേക്കാട് പള്ളിയിൽ വി. ബലിയർപ്പിച്ച് കുട്ടികൾക്ക് ആദ്യ കുർബാന, സ്ഥൈര്യലേപനം എന്നീ കൂദാശകൾ നൽകി. |
| | 10.30 a.m. | ആലുവ FCC ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. |
| | 03.00 p.m. | എടത്തിരുത്തി ഫൊറോനയിലെ ബൈബിൾ കൺവെൻഷനിൽ അഭിഷേകാഗ്നി സമാപന സന്ദേശം നൽകി. |
| | 04.00 p.m. | PACS ൽ കൗൺസലിംഗ് കോഴ്സ് ഉദ്ഘാടനം ചെയ്തു. |

## പാസ്റ്ററൽ കൗൺസിൽ

**12-ാം പാസ്റ്ററൽ കൗൺസലിന്റെ ഭാരവാഹികൾ തുടർച്ച**

**ജന. സെക്രട്ടറി** : ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ

**സെക്രട്ടറി** : ജോസ് ജെ. കാളൻ മാസ്റ്റർ

**ജോ. സെക്രട്ടറി** : ഡോ. സുധ ജോർജ്ജ് വളവി

**അജണ്ട കമ്മിറ്റി** : ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ
ജോസ് ജെ. കാളൻ മാസ്റ്റർ
ഡോ. സുധ ജോർജ്ജ് വളവി
ഡോ. പി.ഒ. ജെയ്സൻ
ഡെയ്സി അപ്രേം
സി. ഡോ. ആനി കുര്യാക്കോസ് CHF

**ബി.എഡ്. കോളേജ് :** റിട്ട. പ്രൊഫ. പി.എ. തോമസ്

**ബി.എൽ.എം. സെന്റർ:** പൗലോസ് ചാലമന

**കോർപ്പോറൈറ്റ് എഡ്യൂക്കേഷണൽ ഏജൻസി** : എം.പി. ജിജി

**ആവേ മരിയ ടി.ടി.ഐ** : ആന്റോ എം.കെ.

**ഫിനാൻസ് കൗൺസിൽ** : ജോസ് മാത്യു ഊക്കൻ

**രൂപതാ വികസനം** : അഡ്വ. ആൽഫി കെ. ജോസഫ്
മേരിക്കുട്ടി ജോയ്